എറണാകുളം മിസ്സം

# ERNAKULAM MISSAM


English & Malayalam Monthly

Vol. No. 66 Issue No. 8 August 2023 Rs. 15/-








St. John Maria Vianney

# എറണാകുളം മിസ്സം

## ERNAKULAM MISSAM

English & Malayalam Monthly

Vol. No. 66 Issue No. 8 August 2023 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

5. കെ.സി.ബി.സി. സർക്കുലർ - തടവറപ്രേഷിത ഞായർ

12. കെ.സി.ബി.സി. സർക്കുലർ - നീതി ഞായർ

15. കെ.സി.ബി.സി. സർക്കുലർ - കേരള ദിവ്യകാരുണ്യ കോൺഗ്രസ്സ്

21. വാർത്തകളും വിശേഷങ്ങളും

24. നിര്യാതരായി

25. AICO

26. വിശ്വാസപരിശീലന കേന്ദ്രം

29. ഫാമിലി അപ്പോസ്റ്റലേറ്റ്

31. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

35. നൈപുണ്യ ഇന്റർനാഷണൽ

37. കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

39. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്

40. അതിരൂപത കെ.സി.എസ്.എൽ.

41. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Palakkal Kuriakose, Pallipuram | 1858 | 1887 | 2-8-1916 |
| Fr. Manadan Gervasis, Alangad | 1882 | 1875 | 2-8-1930 |
| Fr. Parackal George, Narakkal | 1922 | 1951 | 2-8-1997 |
| Msgr. Kavalakkatt Varghese, Kadukutty | 1910 | 1936 | 3-8-1994 |
| Fr. Parathiparambil Thomas, Muttom | 1942 | 1968 | 4-8-1994 |
| Fr. Palathunkal Thomas, Udayanapuram | 1897 | 1921 | 9-8-1969 |
| Fr. Thekkinedath Varghese, N. Parur | | 1921 | 10-8-1933 |
| Fr. Elavumkudy Paul, Aimury | 1922 | 1953 | 10-8-2007 |
| Msgr. Panikulam Joseph, N. Parur | 1908 | 1933 | 11-8-1993 |
| Fr. Pazhemadom Mathew, Vallakom | 1924 | 1953 | 11-8-2012 |
| Fr. Mulakal Gheevarghese, Thycattussery | 1861 | 1887 | 12-8-1932 |
| Fr. Pudissery Varghese, Valluvally | 1934 | 1964 | 13-8-2003 |
| Msgr. Vadakumchery Paul, Alangad | 1901 | 1931 | 15-8-1978 |
| Fr. Kammattil Mathew, Vaikom | 1918 | 1945 | 16-8-1972 |
| Fr. Kottoor Kuriakose, Kandanad | 1890 | 1919 | 18-8-1966 |
| Fr. Veliyilparambil John, Muttom | 1920 | 1949 | 18-8-1990 |
| Fr. Nettikadan Thomas, Meloor | 1927 | 1955 | 21-8-1985 |
| Msgr. Madambhagath Bernard, Valamangalam | | | 22-8-1923 |
| Fr. Mampilly Jacob, Narakkal | 1924 | 1951 | 22-8-2004 |
| Fr. Chiramel Joseph, Manjapra | 1889 | 1917 | 23-8-1970 |
| Fr. Chully Joseph, Vallom | | | 24-8-1964 |
| Fr. Mannassery Cyriac, Valamangalam | 1934 | 1961 | 24-8-1990 |
| Fr. Elamkuttuchira Jacob, Vaikom | 1929 | 1958 | 24-8-1991 |
| Fr. Thachil Joseph, Angamaly | 1939 | 1964 | 25-8-1989 |
| Fr. Nettikadan Thomas, Meloor | 1882 | 1909 | 28-8-1944 |
| Fr. Mampilly John, N. Parur | 1897 | 1929 | 28-8-1989 |
| Fr. Joseph Koilparambil, Pallippuram | 1928 | 1994 | 28-8-2018 |
| Fr. Vadakumchery Louis, Manjapra | 1920 | 1947 | 29-8-2009 |

Ref: 3887/K-5/KCBC/OL/DS 15-07-2023

# തടവറ പ്രേഷിത ഞായർ
## (ആഗസ്റ്റ് 13, 2023)

"നീ ഇന്ന് എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും (ലൂക്കാ 23, 43)"

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഭാരതത്തിലെ കത്തോലിക്കാ സഭ ഇന്ന് തടവറ പ്രേഷിത ഞായർ ആചരിക്കുന്നു. വിശുദ്ധ മാക്സിമില്യൻ കോൾബെയുടെ തിരുനാളിനോടനുബന്ധിച്ചാണ് നമ്മൾ തടവറ പ്രേഷിത ഞായർ ആചരിക്കുന്നത്. ഔഷ്വിറ്റ്സിലെ മരണക്യാമ്പിൽ സഹതടവുകാരനുവേണ്ടി തന്റെ ജീവൻ ഹോമിച്ച് സ്നേഹത്തിന്റെ സമുന്നത സാക്ഷ്യം നല്കിയ വിശുദ്ധ മാക്സിമില്യൻ കോൾബെയെ ജയിൽ പ്രേഷിതപ്രവർത്തകരുടെ മധ്യസ്ഥനായി ഭാരതത്തിലെ കത്തോലിക്കാ മെത്രാൻസമിതി 2003 ഓഗസ്റ്റ് പതിനേഴാം തീയതി ഔദ്യോഗികമായി പ്രഖ്യാപിച്ചു. എല്ലാ വർഷവും ഓഗസ്റ്റ് മാസത്തിലെ രണ്ടാം ഞായറാഴ്ച തടവറ പ്രേഷിത ഞായർ ആയി ആചരിച്ചുവരുന്നു. തടവറയിൽ ആയിരിക്കുന്നവരെയും അവരുടെ കുടുംബങ്ങളെയും കുറ്റകൃത്യങ്ങൾക്ക് ഇരകളായി മാറിയവരെയും സവിശേഷമായവിധം നാമിന്ന് സ്മരിക്കുന്നു.

"ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും" പ്രഖ്യാപിച്ചുകൊണ്ട് കർത്താവു നിർവ്വഹിച്ച രക്ഷാകരമായ ദൗത്യമാണ് ഇന്ന് സഭയിലൂടെ തുടരുന്നത് (ലൂക്കാ 4:18). ഈ സമഗ്രവിമോചനത്തിന്റെ ശുശ്രൂഷയും ദൗത്യനിർവ്വഹണവുമാണ് ആഴത്തിലും അർത്ഥപൂർണ്ണമായും തടവറ പ്രേഷിതപ്രവർത്തനങ്ങളിലൂടെ യാഥാർത്ഥ്യമാകുന്നത്. "ഞാൻ കാരാഗൃഹത്തിൽ ആയിരുന്നു; നിങ്ങൾ എന്റെ അടുത്തുവന്നു" (മത്താ 25:36) എന്ന ക്രിസ്തുമൊഴികൾ അന്ത്യവിധിയുടെ മാനദണ്ഡങ്ങൾ അടയാളപ്പെടുത്തുന്നവയാണ്.

ബന്ധിതരും പാർശ്വവത്ക്കരിക്കപ്പെട്ടവരുമുൾപ്പെടുന്ന ചെറിയവർക്ക് നന്മ ചെയ്യുമ്പോഴെല്ലാം കർത്താവിനെയാണ് ശുശ്രൂഷിക്കുന്നത് എന്ന സത്യം ക്രൈസ്തവ ആധ്യാത്മികതയുടെ ഉൾപ്പൊരുളാണ്. കുറ്റം ചെയ്തവരും ചെയ്യാത്തവരും വിപരീതസാഹചര്യങ്ങളിലകപ്പെട്ട് നിസ്സഹായരുമായ പതിനായിരങ്ങൾ തടവറയിൽ കഴിയുന്നുണ്ട്. ഈ സഹോദരങ്ങളിൽ ക്രൂശിതന്റെ മുഖം ദർശിച്ച് ഇവർക്കുവേണ്ടി പ്രാർത്ഥിക്കാനും ത്യാഗപൂർവ്വം പ്രവർത്തിക്കാനുമുള്ള വിലപ്പെട്ട അവസരമാണ് ജീസസ് ഫ്രട്ടേണിറ്റി എന്ന പ്രേഷിത സംഘടന സജ്ജമാക്കുന്നത്.

## ജയിൽവാസികളുടെ സ്ഥിതിവിവരങ്ങൾ

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് ഇന്ത്യയിലെ 1319 ജയിലുകളിലായി അഞ്ചര ലക്ഷത്തോളം പേർ തടവറകളിൽ കഴിയുന്നുണ്ട്. അതിൽ 1,22,852 പേർ വിചാരണ കഴിഞ്ഞ് ശിക്ഷ അനുഭവിക്കുന്നവരാണ്. 1867 പേർ കുട്ടികളാണ്, 1650 പേർ കുട്ടികൾ ഒപ്പമുള്ള സ്ത്രീകളാണ്, 5565 പേർ വിദേശീയരായ തടവുകാരാണ്, എന്നാൽ 4,27,165 പേർ വിചാരണ നേരിടുന്ന തടവുകാരാണ്. അവർ ഒരു കുറ്റത്തിനും വിധിക്കപ്പെട്ടവരല്ല; വിചാരണ കാത്തുകിടക്കുന്നവരാണ്. ജാമ്യം ലഭിച്ചെങ്കിലും ജാമ്യത്തുക സംഘടിപ്പിക്കാനോ അത്തരത്തിലുള്ള ക്രമപ്പെടുത്തലുകൾ നടത്താനോ സാധിക്കാത്തതിനാൽ തുടർന്നും തടവറയിൽ തന്നെ കഴിയേണ്ടിവരുന്ന ഹതഭാഗ്യരും ഇക്കൂട്ടത്തിലുണ്ട്. അവരുടെ കുട്ടികളും പ്രിയപ്പെട്ടവരും അവർ സ്വതന്ത്രരായി പുറത്തുവരുന്നത് കാണാൻ കാത്തിരിക്കുകയാണ്. ഇന്ത്യയിൽ 472 പേർ വധശിക്ഷ കാത്തുകിടക്കുന്ന തടവുകാരാണെന്ന വസ്തുത ഏറെ ദുഃഖകരമാണ്. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടശേഷം അത് നടപ്പിലാക്കപ്പെടുന്നതുവരെയുള്ള ദിനങ്ങളിലൂടെ കടന്നുപോകുന്നവരുടെ മാനസികാവസ്ഥ എത്രയധികം ഭീതിജനകമാണ്! ഇവരുടെ വിമോചനത്തിനും പരിവർത്തനത്തിനും വീണ്ടെടുപ്പിനുംവേണ്ടി നമുക്ക് ആവുന്നതൊക്കെ ചെയ്യാം. പ്രാർഥനയും തീക്ഷ്ണമായ ശ്രമങ്ങളുംവഴി മരണപ്പട്ടികയിൽ ഉണ്ടായിരുന്ന അനവധി തടവുകാരെ ജീവപര്യന്തത്തിലേക്ക് മാറ്റുവാൻ ഇതിനോടകം നമുക്ക് സാധിച്ചിട്ടുണ്ട്.

### വധശിക്ഷ ഒഴിവാക്കപ്പെടണം

വധശിക്ഷ അതിക്രൂരവും മനുഷ്യമഹത്വത്തെ പൂർണമായി നിരാകരിക്കുന്നതുമായ ഒരു പ്രവൃത്തിയാണ്. കത്തോലിക്കാ സഭ സമ്പൂർണമായും വധശിക്ഷയെ എതിർക്കുന്നു; അതിനെ ഒരുവിധത്തിലും സഭ ഉൾക്കൊള്ളുന്നില്ല. കുറ്റാരോപിതൻ ആരെന്നോ, കുറ്റത്തിന്റെ സ്വഭാവമോ സാഹചര്യമോ എന്തെന്നോ, വ്യക്തി കുറ്റക്കാരനോ നിഷ്കളങ്കനോ എന്നതോ, വിധി നടപ്പാക്കുന്ന രീതി എപ്രകാരമെന്നോ നോക്കാതെ സഭ വധശിക്ഷയ്ക്കു എതിരുനിൽക്കുന്നു. കാരണം, ജീവിക്കാനുള്ള മനുഷ്യാവകാശത്തിന്റെ നഗ്നമായ ലംഘനമാണ് വധശിക്ഷ. ജീവന്റെ ഉടമയായ ദൈവത്തിനു മാത്രമേ ഒരുവ്യക്തിയുടെ ജീവൻ തിരിച്ചെടുക്കാൻ അവകാശമുള്ളൂ. ഒരാൾ അതിക്രൂരമായ കുറ്റം ചെയ്താലും മനുഷ്യനെന്ന നിലയിൽ അയാളുടെ വ്യക്തിമഹാത്മ്യം നഷ്ടപ്പെടുന്നില്ല. മനുഷ്യന് സ്വന്തം തെറ്റ് പരിഹരിക്കാനും തിന്മയെ തിരുത്താനും സാധിക്കും എന്ന യാഥാർഥ്യമാണ് വധശിക്ഷയിലൂടെ വിസ്മരിക്കപ്പെടുന്നത്.

### പ്രിസൺ മിനിസ്ട്രി, ഇന്ത്യ

തടവുകാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ഇരകളുടെയും വിമോചനത്തിനും വളർച്ചയ്ക്കുംവേണ്ടി പ്രവർത്തിക്കുന്ന ഒരു ദേശീയ കത്തോലിക്കാ ആത്മീയ പ്രസ്ഥാനമാണ് പ്രിസൺ മിനിസ്ട്രി, ഇന്ത്യ. ജീസസ്സ് ഫ്രട്ടേണിറ്റി എന്നാണ് ഇത് കേരളത്തിൽ അറിയപ്പെടുന്നത്. കത്തോലിക്കാ മെത്രാൻ സമിതിയുടെ, നീതി, സമാധാനം, വികസനം (Justice, Peace and Development) എന്ന കമ്മീഷന്റെ കീഴിൽ ഇത് പ്രവർത്തിക്കുന്നു. ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും രൂപതകളുമായി ബന്ധപ്പെട്ട് പ്രിസൺ മിനിസ്ട്രി, ഇന്ത്യയുടെ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ നിരവധി വോളണ്ടിയേഴ്സ് തടവറ ശുശ്രൂഷാമേഖലയിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്.

### കോൾബെ ഭവനങ്ങൾ

തടവുകാരുടെ മക്കളുടെ സമഗ്ര പുരോഗതിക്കായി പ്രിസൺ മിനിസ്ട്രി, ഇന്ത്യ ആരംഭിച്ചിരിക്കുന്ന സ്ഥാപനങ്ങളാണ് കോൾബെ ഹോംസ്. പ്രിസൺ മിനിസ്ട്രി, ഇന്ത്യയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും ഇത്തരം കോൾബെ ഭവനങ്ങൾ സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നു. ഈ സ്വപ്നസാക്ഷാത്ക്കാര

ത്തിനായി നിങ്ങൾ ഏവരുടെയും തീക്ഷണമായ പ്രാർത്ഥനയും സാമ്പത്തിക സഹായവും അഭ്യർത്ഥിക്കുന്നു. അതോടൊപ്പം, ഈ കുട്ടികൾക്കുവേണ്ടിയും തടവറയിൽ കഴിയുന്ന ഇവരുടെ മാതാപിതാക്കന്മാർക്കുവേണ്ടിയും ഈ സ്ഥാപനങ്ങൾ ത്യാഗപൂർവ്വം നടത്തുന്ന സമർപ്പിത സഹോദരിമാർക്കും വൈദികർക്കും വേണ്ടിയും പ്രാർഥിക്കുവാൻ നമുക്ക് കഴിയണം.

### സ്നേഹാശ്രമങ്ങൾ

തടവറയിൽനിന്ന് മോചനം ലഭിക്കുന്നവർക്കുവേണ്ടിയുള്ള നവീകരണ - പുനരധിവാസ കേന്ദ്രങ്ങളാണ് സ്നേഹാശ്രമങ്ങൾ. ശിക്ഷ കഴിഞ്ഞ് ഇറങ്ങുന്നവർക്ക് ആത്മീയവും മാനസികവുമായ കരുത്തു പകരുന്ന ഇടത്താവളങ്ങളാണിവ. പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കുമായി മൂന്നു വ്യത്യസ്ത രീതിയിലുള്ള സ്നേഹാശ്രമങ്ങൾ ഇന്ന് കേരളത്തിലുണ്ട്. കുറ്റകൃത്യങ്ങളുടെ ലോകത്തുനിന്നും പരിപൂർണമായി പിന്മാറി കുടുംബത്തിനും സമൂഹത്തിനും ഉപകാരപ്രദവും അഭിമാനകരവുമായ രീതിയിൽ ജീവിതം കരുപ്പിടിപ്പിക്കുവാൻ പ്രാപ്തമാക്കുന്ന പരിശീലനമാണ് ഇവിടെ നല്കപ്പെടുന്നത്. സ്നേഹാശ്രമങ്ങൾ വഴിയായി അഴികൾക്കു പിന്നിലുള്ള ആയിരക്കണക്കിന് സഹോദരങ്ങളെ പരിവർത്തനപ്പെടുത്താനും പുനരധിവസിപ്പിക്കാനും ജോലി നേടിക്കൊടുത്ത് കുടുംബസമേതം സ്വസ്ഥമായി ജീവിക്കുന്നതിനു വഴിയൊരുക്കാനും നമുക്കു സാധിച്ചിട്ടുണ്ട്. വിമോചിതരായ തടവുകാർക്ക് തൊഴിലും ഭവനവും വിദ്യാഭ്യാസ സ്കോളർഷിപ്പുകളും ലഭ്യമാക്കുന്നതോടൊപ്പം, തടവുകാർ മോചിതരാകുമ്പോൾ നൽകേണ്ട പിഴയും നഷ്ട പരിഹാരവും കൊടുത്തുതീർക്കുന്നതിനുള്ള പദ്ധതികളുമായി ജീസസ്സ് ഫ്രട്ടേണിറ്റി മുന്നോട്ടുപോകുന്നു. ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ നിങ്ങളെ എല്ലാവരേയും സ്വാഗതം ചെയ്യുന്നു.

### ഉപസംഹാരം

'ബന്ധിതർ ആയിരിക്കുന്ന സഹോദരരേ, ഞങ്ങൾ നിങ്ങളെ സ്നേഹിക്കുന്നു, നിങ്ങൾക്കുവേണ്ടി പ്രാർഥിക്കുന്നു, നിങ്ങളുടെ സമഗ്രവളർച്ചക്കുവേണ്ടി പ്രവർത്തിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഞങ്ങൾ നിങ്ങളുടെ കുടുംബങ്ങൾക്കും ഇരയായവർക്കുംവേണ്ടി പ്രത്യേകം പ്രാർഥിക്കുന്നു' എന്ന് നമ്മൾ പ്രതിജ്ഞ എടുക്കേണ്ട ദിനമാണിന്ന്. കമ്മീ

ഷനിലെ മെത്രാന്മാർ എല്ലാ രൂപതകളോടും മേജർ സുപ്പിരിയർമാരോടും ഗുണകാംക്ഷികളോടും തടവറ ശുശ്രൂഷയ്ക്കായി നിങ്ങൾ ഔദാര്യപൂർവം നൽകുന്ന സംഭാവനകൾക്ക് ആത്മാർത്ഥമായി കൃതജ്ഞത പ്രകാശിപ്പിക്കുന്നു. തടവറയിലുള്ളവരെ മാനസാന്തരത്തിലേക്ക് നയിക്കുന്നതിനും സമൂഹത്തിൽ പുനരധിവസിപ്പിക്കുന്നതിനുംവേണ്ടി ജീസസ്സ് ഫ്രട്ടേണിറ്റി പ്രേഷിതർ നടത്തുന്ന ത്യാഗനിർഭരമായ പ്രവർത്തനങ്ങളെ ഞങ്ങൾ ആത്മാർഥമായി അഭിനന്ദിക്കുന്നു. വിശുദ്ധ മാക്സിമില്യൻ കോൾബെയുടെ മാധ്യസ്ഥ്യംവഴി നമ്മുടെ ശുശ്രൂഷകൾ കൂടുതൽ ഫലപ്രദമാകട്ടെ. ബന്ധിതരായ നമ്മുടെ സഹോദരരുടെ സമഗ്ര വിമോചനത്തിനായി നമ്മെത്തന്നെ പുനർസമർപ്പിക്കുമ്പോൾ നമ്മുടെ അമ്മയായ പരിശുദ്ധ മറിയത്തിന്റെ മാധ്യസ്ഥ്യവും നമുക്ക് സഹായകമാകട്ടെ! നഷ്ടപ്പെട്ടതിനെ തേടിയെത്തി രക്ഷ നൽകിയ ക്രിസ്തുനാഥൻ നിങ്ങൾ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജോസ് പുളിക്കൽ**
(ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് ജെ. നെറ്റോ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,

.............................................

N.B: 2023 ആഗസ്റ്റ് 13-ാം തീയതി ഈ സർക്കുലർ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

# തടവറ പ്രേഷിത ഞായർ

## വിശ്വാസികളുടെ പ്രാർഥന

**കാർമികൻ**: പ്രിയ സഹോദരീ സഹോദരന്മാരേ, പാപികളോടും ദരിദ്ര രോടും ക്രിസ്തു വലിയ അനുകമ്പ പ്രദർശിപ്പിച്ചു. അതുപോലെ, ബന്ധനസ്ഥരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ സഹോദരരോട് അനുകമ്പ കാണിക്കാൻ പരിശുദ്ധാത്മാവിനാൽ നമ്മെ പ്രചോദിതരാ ക്കണമെന്ന് നമുക്ക് കർത്താവിനോട് അപേക്ഷിക്കാം.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളേണമേ.

കർത്താവേ, ഞങ്ങൾ സാർവത്രിക സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു: പരിശുദ്ധ പിതാവും മെത്രാന്മാരും വൈദികരും സമർപ്പിതരും അങ്ങ യുടെ വിമോചിപ്പിക്കുന്ന സ്നേഹത്തിന്റെ ഉപകരണങ്ങളായി ഭവിക്കട്ടെ. ബന്ധനസ്ഥരായ സഹോദരങ്ങളിൽ അങ്ങയുടെ സാദൃശ്യവും രൂപവും പുനർജനിപ്പിക്കാൻ അവരെ സഹായിക്കണമേ എന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളേണമേ.

കർത്താവേ, അങ്ങ് ഒരു നിഷ്കളങ്കനായ തടവുകാരൻ ആയിരുന്നു; അങ്ങനെ അങ്ങ് ഒരു യഥാർത്ഥ തടവുകാരന്റെ ഭാഗധേയം പങ്കുവെച്ചു. അഴികൾക്ക് പിന്നിലുള്ള ഞങ്ങളുടെ സഹോദരീ സഹോദരൻമാരുടെ മാനസിക വ്യഥയും അവർ അനുഭവിക്കുന്ന ശാരീരിക അസ്വസ്ഥതയും അങ്ങയുടെ മുമ്പിൽ ഞങ്ങൾ കൊണ്ടുവരുന്നു. അവരിലും അവരുടെ കുടുംബങ്ങളിലും അങ്ങയുടെ അനുഗ്രഹം ഉണ്ടാകണമേ. ആർദ്രതയും ശാന്തതയും സന്മനസ്സും ജയിൽ അധികാരികൾക്ക് നൽകണമേ എന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളേണമേ.

കർത്താവേ, എളിയവർക്കും നഷ്ടപ്പെട്ടവർക്കും ഏറ്റവും ഒടുവിലായിരി ക്കുന്നവർക്കും വേണ്ടി തങ്ങളുടെ സമയവും കഴിവുകളും സമർപ്പിക്കുന്ന

പ്രിസൺ മിനിസ്ട്രി, ഇന്ത്യയുടെ വോളണ്ടിയർമാരുടെമേൽ അങ്ങയുടെ അനുഗ്രഹം ചൊരിയണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. നല്ല ഇടയനായ യേശുവേ, അങ്ങയുടെ മാർഗനിർദേശവും സംരക്ഷണവും അവരുടെ ശുശ്രൂഷയിൽ ഉണ്ടാകണമേ എന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളേണമേ.

കർത്താവേ, അന്യായമായി കുറ്റാരോപിതരും അക്കാരണത്താൽ ബന്ധനസ്ഥരായവർക്കുംവേണ്ടി ഞങ്ങൾ പ്രാർഥിക്കുന്നു. വലിയ വേദനയും തിക്തതയും ആണല്ലോ അവർ അനുഭവിക്കുന്നത്. കരുണാമയനായ ദൈവമേ, അവരുടെ കാര്യത്തിൽ അനുഭാവപൂർണമായ തീരുമാനത്തിൽ എത്തിച്ചേരാൻ വേണ്ട നിയമപരമായ സഹായം അവർക്കു ലഭ്യമാക്കാനും അങ്ങനെ അവർ എത്രയും പെട്ടെന്ന് മോചിതരാകാനും ഇടയാക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളേണമേ.

**കാർമികൻ:** സ്നേഹപിതാവേ, അങ്ങയുടെ മക്കൾ അങ്ങയുടെ പക്കലേക്ക് തിരിയുമ്പോൾ അങ്ങ് ഏറെ സന്തുഷ്ടനാണല്ലോ. അങ്ങയുടെ സുഖപ്പെടുത്തുന്ന കരം നീട്ടി അഴികൾക്ക് പിറകിലുള്ള ഞങ്ങളുടെ സഹോദരരെ സ്പർശിക്കണമേ; അങ്ങനെ അവർ ഒരു പുതുജീവിതം നയിക്കാൻ ഇടവരട്ടെ. കർത്താവായ ക്രിസ്തുവഴി ഈ പ്രാർഥന കേട്ടരുളേണമേ. ആമേൻ.

* * * * *

Ref: 3889/K-5/KCBC/OL/DS 24-07-2023

# ജസ്റ്റിസ് സൺഡേ (നീതി ഞായർ)

## 2023 ആഗസ്റ്റ് 20 ഞായർ
## കെ.സി.ബി.സി. SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയ ബഹു. വൈദികരേ, സിസ്റ്റേഴ്സ്, സഹോദരീ സഹോദരന്മാരേ,

ഈ വർഷം ഓഗസ്റ്റ് 20–ാം തീയതി ഭാരതസഭ ജസ്റ്റീസ് സൺഡേ (നീതി ഞായർ) ആചരിക്കുകയാണ്. നീതിക്കുവേണ്ടി ദാഹിക്കുന്ന എല്ലാ ജന വിഭാഗങ്ങളോടും ഭാരതസഭ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ദിനമാ ണിന്ന്. പ്രത്യേകമായി ഇന്നു നാം ഓർമ്മിക്കേണ്ടത് ദളിത് ക്രൈസ്തവ സഹോദരങ്ങളെയാണ്.

ക്രിസ്തുവിൽ വിശ്വസിച്ചതിന്റെപേരിൽ പട്ടികജാതി സംവരണവും സംരക്ഷണവും നമ്മുടെ മതേതര ജനാധിപത്യരാഷ്ട്രത്തിൽ നിഷേ ധിക്കപ്പെട്ട ദളിതരാണവർ. 1950 ഓഗസ്റ്റ് 10–ാം തീയതി ഇന്ത്യൻ പ്രസി ഡന്റ് ഒരു ഉത്തരവിലൂടെ ദളിതരായ ഹിന്ദുക്കൾക്കുമാത്രമായി പട്ടിക ജാതി സംവരണം അനുവദിച്ചു നൽകി. പിന്നീട് 1956 ൽ ദളിതരായ സിക്കു മതക്കാർക്കും 1990 ൽ ദളിതരായ ബുദ്ധമതക്കാർക്കും ഈ സംവ രണാനുകൂല്യം അനുവദിക്കുകയുണ്ടായി. എന്നാൽ ദളിത് ക്രൈസ്ത വർക്ക് ഈ അവകാശം ഇന്നുവരെ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ഇത് ഭരണഘടനാലംഘനവും എതിർക്കപ്പെടേണ്ട മതവിവേചനവുമാ ണ്. ഈ മനുഷ്യാവകാശലംഘനത്തിനെതിരെ ദളിത് ക്രൈസ്തവ സഹോദരങ്ങൾ നിരന്തരമായ പോരാട്ടത്തിലാണ്. ക്രിസ്തുശരീരമായ സഭയിലെ അംഗങ്ങളായ ഈ ദളിത് ക്രൈസ്തവസഹോദരങ്ങളുടെ നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ സഭാമാതാവും ദളിത് മക്കളെ കരുതുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ട ദിനമാണിത്.

ഭാരതത്തിലെ പരമോന്നത നീതിപീഠമായ സുപ്രീം കോടതി ദളിത് ക്രൈസ്തവർക്ക് പട്ടികജാതിസംവരണം നൽകുന്നതുമായി ബന്ധപ്പെ ട്ടുകൊണ്ടുള്ള കേസ് പരിഗണിച്ചുകൊണ്ട് വിസ്താരത്തിനായി എടു ക്കുവാൻ ഉത്തരവിട്ടിരിക്കുകയാണ്. 2004 ൽ ആണ് ഈ കേസ് സുപ്രീം

കോടതിയിൽ എത്തിയത്. ഭാരതമെത്രാന്മാരുടെ സമിതിയായ CBCI ഈ കേസിൽ ഒരു കക്ഷികൂടിയാണ്. ഭാരിച്ച കോടതിച്ചെലവിലേക്കായി കെ.സി.ബി.സി. സാമ്പത്തികസഹായം നൽകുന്നുണ്ട്. 2023 ജൂലൈ 9-ാം തീയതി ഞായറാഴ്ച ഈ ആവശ്യത്തിനായി പ്രാർത്ഥനാദിനമായി കേരളസഭ ആചരിക്കുകയുണ്ടായി. ഈ നിയോഗത്തിനായി കേരള കത്തോലിക്കാസഭ ഒറ്റക്കെട്ടായി ഇനിയും പ്രാർത്ഥിക്കണം.

ദളിത് കത്തോലിക്കാസഹോദരങ്ങളുടെ ദുസ്ഥിതിക്ക് അറുതി വരുത്തുവാൻ കേരളസഭ ദളിത് കത്തോലിക്കാ കുട്ടികളുടെ വിദ്യാഭ്യാസത്തിന് ഈ കഴിഞ്ഞകാലങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. വിവിധ കോഴ്സുകളിൽ പ്രശസ്തവിജയം കരസ്ഥമാക്കിയ ദളിത് കത്തോലിക്കാവിദ്യാർത്ഥികൾക്ക് കെ.സി.ബി.സി. സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. മിനിമം യോഗ്യതയുള്ള എല്ലാ ദളിത് വിദ്യാർത്ഥികൾക്കും നമ്മുടെ സഭാ വക സ്ഥാപനങ്ങളിൽ അഡ്മിഷൻ നൽകി സൗജന്യവിദ്യാഭ്യാസം നൽകേണ്ടതാണ്. കൂടാതെ വിദ്യാഭ്യാസയോഗ്യതയുള്ള ദളിത് കത്തോലിക്കർക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ സഭാസ്ഥാപനങ്ങളിൽ മുൻഗണന നൽകി നിശ്ചിത ശതമാനം ഉദ്യോഗനിയമനങ്ങൾ നൽകാൻ നാം താത്പര്യം കാണിക്കേണ്ടതാണ്.

ജസ്റ്റീസ് സൺഡേ ദിനത്തിൽ ഇടവകാംഗങ്ങളെല്ലാം പങ്കെടുത്തുകൊണ്ടുള്ള സെമിനാറും സമ്മേളനങ്ങളും സംഘടിപ്പിക്കാൻ വികാരിയച്ചന്റെ നേതൃത്വത്തിൽ എല്ലാവരും പരിശ്രമിക്കേണ്ടതാണ്. ഇടവക ഒരു കുടുംബമാണ്. ആ കുടുംബത്തിലെ എല്ലാ അംഗങ്ങളും സ്വയംപര്യാപ്തതയിലെത്തണം. അതിനായുള്ള കൂട്ടായ ശ്രമം നടത്തേണ്ടതാണ്. കഴിഞ്ഞ SSLC (80%), Plus Two (70%), Degree (60%) , Post Graduate (60%) എന്നീ പരീക്ഷകളിൽ പ്രശസ്തവിജയം കരസ്ഥമാക്കിയ ദലിത് കത്തോലിക്കാ കുട്ടികൾക്ക് കെ.സി.ബി.സി. സ്കോളർഷിപ്പ് നൽകുന്നതാണ്. അർഹരായ കുട്ടികളുടെ അപേക്ഷ 2023 സെപ്റ്റംബർ 30-നകം റവ. ഫാ. ജോസ് വടക്കേക്കുറ്റ്, സെക്രട്ടറി KCBC, SC/ST/BC കമ്മീഷൻ, ഷാലോം പാസ്റ്ററൽ സെന്റർ, പാലാ-686575 എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്.

വേദനിക്കുന്നവരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും പക്ഷംചേരുന്ന യേശുവിന്റെ ദൗത്യം ദളിത് ക്രൈസ്തവരുടെ പ്രശ്നങ്ങളിൽ സഭ തീക്ഷ്ണമായി ഏറ്റെടുക്കണം. ജസ്റ്റീസ് സൺഡേ ദിനത്തിൽ വിശു

ഢബലിമധ്യേ നടത്തുന്ന പിരിവ് വിജയിപ്പിക്കുവാൻ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം. സ്കോളർഷിപ്പിനും മറ്റുമായി ഇപ്പോൾ ലഭിക്കുന്ന തുക അപര്യാപ്തമാണ്. ഈ തുക കഴിവതും വേഗം KCBC, SC/ST/BC കമ്മീഷന്റെ പേരിൽ അയച്ചുതരേണ്ടതാണ്. നമ്മുടെ സഭയിലെ ദളിത് ക്രൈസ്തവർ, മത്സ്യത്തൊഴിലാളികൾ, മറ്റു ദുർബ്ബലവിഭാഗങ്ങൾ, ദരിദ്രർ എന്നിവരുടെ ഉന്നമനത്തിനായി നമുക്കു പ്രയത്നിക്കാം, പ്രാർത്ഥിക്കാം. നമ്മുടെ മനോഭാവങ്ങളിൽ മാറ്റം വരുത്താം എന്നു പ്രാർത്ഥിച്ചുകൊണ്ട് നിങ്ങളേവരെയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ ആശീർവദിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

ബിഷപ് ഗീവർഗീസ് മാർ അപ്രേം
(ചെയർമാൻ K.C.B.C., SC/ST/BC കമ്മീഷൻ)

ബിഷപ് വിൻസന്റ് സാമുവൽ
(വൈസ് ചെയർമാൻ K.C.B.C., SC/ST/BC കമ്മീഷൻ)

ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ
(വൈസ് ചെയർമാൻ K.C.B.C., SC/ST/BC കമ്മീഷൻ)

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

....................................

NB: ഓഗസ്റ്റ് 13-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും സന്ന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിച്ച് വിശദീകരണം നൽകുകയും 20-ാം തീയതി ഞായറാഴ്ച സംഭാവന ശേഖരണം നടത്തി KCBC, SC/ST/BC കമ്മീഷന്റെ പേർക്ക് അയച്ചുതരികയും ചെയ്യേണ്ടതാണ്.

No: 3885/K-5/KCBC/OL/DS 10-07-2023

### 2023 ഡിസംബർ മാസത്തിലെ
# കേരളാദിവ്യകാരുണ്യകോൺഗ്രസ്സ്
### സംബന്ധിച്ച് കെ.സി.ബി.സി. പുറപ്പെടുവിക്കുന്ന സർക്കുലർ

**അഭിവന്ദ്യപിതാക്കന്മാരേ, വൈദികരേ, സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,**

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സമാധാനം ഏവർക്കും നേരുന്നു. സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിൽ ആശ്രയിച്ച് കേരളസഭയിൽ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നവീകരണ പ്രവർത്തനങ്ങൾക്ക് കൃത്യമായ ദിശാബോധവും ഏകീകൃതഭാവവും ലഭിക്കുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുള്ള **പ്രവർത്തനരേഖ**യുടെ അടിസ്ഥാനത്തിലാണ് കേരളസഭ-രൂപതാ-ഇടവക-കുടുംബതലങ്ങളിലുള്ള നവീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെടുന്നത്.

കേരളസഭാനവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ വർഷം ഡിസംബറിൽ ദിവ്യകാരുണ്യകോൺഗ്രസ് നടത്തുന്ന കാര്യം ഇതിനോടകം ഏവർക്കും അറിയാവുന്നതാണല്ലോ. ദിവ്യകാരുണ്യത്തിൽ അധിഷ്ഠിതവും കേന്ദ്രീകൃതവുമായ നവീകരണമാണ് സഭയിൽ സംഭവിക്കേണ്ടത്. വിശുദ്ധ കുർബാനവഴി സഭ എന്നും നവമായി ജനിക്കുന്നുവെന്ന് 'സ്നേഹത്തിന്റെ കൂദാശ' (Sacramentum Caritatis) എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ ബനഡിക്റ്റ് 16-ാമൻ മാർപാപ്പ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട് (SC, 6).

2023 ഡിസംബർ 1, 2, 3, (വെള്ളി, ശനി, ഞായർ) തീയതികളിലായി വരാപ്പുഴ അതിരൂപതയുടെ കീഴിലുള്ള വല്ലാർപാടം ബസിലിക്കയിൽ വച്ചാണ് കേരളാദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കുന്നത്.

## ദിവ്യകാരുണ്യ കോൺഗ്രസിന്റെ ലക്ഷ്യം

ദിവ്യകാരുണ്യം കേന്ദ്രീകരിച്ചുള്ള ദൈവജനത്തിന്റെ കൂടിവരവാണ് ദിവ്യകാരുണ്യ കോൺഗ്രസ്. അന്തർദേശീയമായും ദേശീയമായും പ്രാദേശികമായും ദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കാറുണ്ട്.

സഭാസമൂഹത്തിന് ദിവ്യകാരുണ്യത്തെക്കുറിച്ച് ആഴമായ അറിവു നല്കുക, ദിവ്യകാരുണ്യത്തിലെ യേശുവിന്റെ യഥാർത്ഥ സാന്നിദ്ധ്യത്തിന് പരസ്യമായ ആരാധനയും സാക്ഷ്യവും നല്കുക, സഭാംഗങ്ങളിൽ ദിവ്യകാരുണ്യത്തിലുള്ള വിശ്വാസവും ഭക്തിയും വർദ്ധിപ്പിക്കുക, പരസ്യമായ ദിവ്യകാരുണ്യ ആരാധനയിലൂടെ വിശ്വാസികൾക്കിടയിൽ പരസ്പരസ്നേഹവും ഐക്യവും വർദ്ധിപ്പിക്കുക എന്നിവയാണ് ദിവ്യകാരുണ്യ കോൺഗ്രസിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

1881-ൽ ഫ്രാൻസിലാണ് ആദ്യത്തെ അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് നടന്നത്. 38-ാമത്തെ അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് നടന്നത് മുംബൈയിൽ വച്ചായിരുന്നു. 2024-ൽ 53-ാമത് അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് ഇക്വദോറിൽവച്ചാണ് നടക്കുന്നത്. കേരളസഭയിൽ നാം സംഘടിപ്പിക്കുന്നത് പ്രാദേശികതലത്തിലുള്ള ദിവ്യകാരുണ്യ കോൺഗ്രസ് ആണ്. ആഘോഷമായ വിശുദ്ധ കുർബാന, ദിവ്യകാരുണ്യ ആരാധന, പ്രദക്ഷിണം, പ്രബോധനങ്ങൾ, ചർച്ചകൾ, ദിവ്യകാരുണ്യ അത്ഭുതങ്ങളുടെ എക്സിബിഷൻ തുടങ്ങിയ വിപുലമായ പരിപാടികളോടെയാണ് ദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കുന്നത്.

'നാഥാ, ഞങ്ങളോടൊത്ത് വസിച്ചാലും' (*Mane Nobiscum Domine*) എന്ന എമ്മാവൂസ് ശിഷ്യരുടെ അപേക്ഷാവാക്യമാണ് (ലൂക്കാ 24:29) വല്ലാർപാടത്തു സംഘടിപ്പിക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസിന്റെ പ്രമേയം.

## ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്നവർ

കേരളത്തിലെ 32 രൂപതകളിലെ അയ്യായിരത്തോളം ഇടവകകക ളിൽ നിന്നായി അയ്യായിരം അല്മായ പ്രതിനിധികളും (ഒരു ഇട വകയിൽ നിന്ന് ഒരാൾ എന്ന നിലയ്ക്ക്) അഞ്ഞൂറിലേറെ വൈദി കരും വിവിധ സന്ന്യസ്തസമൂഹങ്ങളിൽ നിന്നായി നാനൂറോളം സന്ന്യസ്തരും കേരളത്തിലെ എല്ലാ മേജർ സെമിനാരി റെക്ടർ മാരും 500 വാളണ്ടിയർമാരും, 200 റിസോഴ്സ് ടീം അംഗങ്ങളും 2000 യുവജനങ്ങളും കേരള കത്തോലിക്കാസഭയിലെ മുഴുവൻ മെത്രാന്മാരും ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കും.

വരാപ്പുഴ, എറണാകുളം-അങ്കമാലി, മൂവാറ്റുപുഴ, കൊച്ചി, കോട്ട പ്പുറം എന്നീ രൂപതകളിലെ 150 ഇടവകകളിലായിട്ടാണ് ദിവ്യകാ രുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്നവരുടെ താമസം ക്രമീ കരിക്കുന്നത്.

രൂപതയിൽ നിന്ന് പ്രതിനിധികളെ തെരഞ്ഞെടുക്കുമ്പോൾ 40% സ്ത്രീകൾ, 40% പുരുഷന്മാർ, 10% യുവതികൾ, 10% യുവാക്കൾ എന്നീ മാനദണ്ഡം പാലിക്കുന്നത് ഉചിതമായിരിക്കും. ഓരോ ഇടവകയിൽനിന്നും പങ്കെടുക്കുന്ന അല്മായ പ്രതിനിധികളും രൂപ തയിൽ നിന്നുള്ള വൈദികരും അവരവരുടെ രൂപതാടിസ്ഥാന ത്തിലാണ് പേരുകൾ രജിസ്റ്റർ ചെയ്യേണ്ടത്. രൂപതാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങളും ഫീസും 2023 നവംബർ ഒന്നിനു മുൻപ് കെസിബിസി ഡെപ്യൂട്ടി സെക്രട്ട റിയുടെ പേരിൽ പി.ഒ.സി. ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

അല്മായരെ കൂടാതെ രൂപതകളെ പ്രതിനിധീകരിക്കുന്നത് മുഖ്യ വികാരിജനറാൾ, ഫൊറോന/ജില്ലാ വികാരിമാർ, രൂപതാധ്യക്ഷൻ നിശ്ചയിക്കുന്ന അഞ്ച് യുവവൈദികർ എന്നിവരാണ്. സന്യസ്ത സമൂഹങ്ങളുടെ സുപ്പീരിയർ ജനറാൾമാർ, പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ് കൂടാതെ ഓരോ പ്രോവിൻസിൽ നിന്നും ഒരു സന്ന്യാസിനി/സന്ന്യാസി എന്നിവരാണ്. സന്യാസസമൂഹങ്ങളെ പ്രതിനിധീകരിക്കുന്നവരുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങളും ഫീസും അതതു സന്യാസ സമൂഹാധികാരികൾ

നവംബർ ഒന്നിന് മുമ്പ് തന്നെ ഡെപ്യൂട്ടി സെക്രട്ടറിയെ ഏല്പിക്കേണ്ടതാണ്.

## സാമ്പത്തിക കാര്യങ്ങൾ

ദിവ്യകാരുണ്യ കോൺഗ്രസ് പ്രാദേശികതലത്തിൽ വിപുലമായ പരിപാടികളോടെ നടത്തപ്പെടുമ്പോൾ ഉണ്ടാകുന്ന ഭാരിച്ച സാമ്പത്തിക ബാധ്യതയെകുറിച്ച് പ്രത്യേകം പരാമർശിക്കേണ്ടതില്ലല്ലോ. ആയതിനാൽ ഓരോ പ്രതിനിധിയും 1500 രൂപ രജിസ്ട്രേഷൻ ഫീസായി നല്കണം. ദിവ്യകാരുണ്യ കോൺഗ്രസിന്റെ നടത്തിപ്പിനായി വരുന്ന ചിലവുകൾ കേരള സഭാമക്കൾ എല്ലാവരുംകൂടി ഏറ്റെടുക്കേണ്ടതുണ്ട്. അതിനാൽ ഇടവകയെ പ്രതിനിധികരിക്കുന്ന വ്യക്തിയുടെ രജിസ്ട്രേഷൻ തുക ആവശ്യമെങ്കിൽ ഇടവകയിൽ നിന്ന് നല്കണമെന്ന് നിർദേശിക്കുന്നു. സന്ന്യസ്തരുടെ രജിസ്ട്രേഷൻ തുക അതതു സന്ന്യസ്തസമൂഹങ്ങളും രൂപതാ വൈദികരുടേത് രൂപതകളും വഹിക്കേണ്ടതുമാണ്. അപ്രകാരം ആർക്കും പ്രത്യേകം സാമ്പത്തിക ഭാരം വരാതെ തന്നെ എല്ലാവരുടെയും സഹകരണത്തോടെ കേരളാദിവ്യകാരുണ്യകോൺഗ്രസ് വിജയകരമായി നടത്താൻ നമുക്കു സാധിക്കും.

## ദിവ്യകാരുണ്യ കോൺഗ്രസിനു മുൻപുള്ള ഒരുക്കങ്ങൾ

വല്ലാർപാടത്തു സംഘടിപ്പിക്കപ്പെടുന്ന കേരളാദിവ്യകാരുണ്യകോൺഗ്രസിനു മുന്നോടിയായി രൂപതാ - ഇടവകതലങ്ങളിൽ ആവശ്യമായ ഒരുക്കങ്ങൾ നടത്തേണ്ടതാണ്. ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്ന ഡെലഗേറ്റ്സിന്റെ രജിസ്ട്രേഷൻ നടത്തിയശേഷം അവരെ രൂപതാതലത്തിൽ വിളിച്ചു ചേർത്ത് ആവശ്യമായ പരിശീലനം നല്കണം. കൂടാതെ ഇടവകതലത്തിൽ ദിവ്യകാരുണ്യദിനം, ദിവ്യകാരുണ്യ ആരാധന, റാലി, ദിവ്യകാരുണ്യ ധ്യാനങ്ങൾ, പ്രബോധനങ്ങൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്. രൂപതകളിൽനിന്നും സന്യാസസമൂഹങ്ങളിൽനിന്നും സംസ്ഥാനതലത്തിൽ പരിശീലനത്തിനയച്ച റിസോഴ്സ് ടീമിനെ ഇടവകകളിൽ പ്രയോജനപ്പെടുത്താവുന്നതാ

ണ്. വിജയപുരത്ത് വിമലഗിരി പാസ്റ്ററൽ സെന്ററിൽ വച്ച് പ്രസ്തുത റിസോഴ്സ് ടീം അംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നല്കിയിട്ടുണ്ട്.

## ദിവ്യകാരുണ്യത്തെ പുൽകുന്ന സഭ

ദിവ്യകാരുണ്യത്തോട് ചേർന്നുനില്ക്കാൻ അതിയായി ആഗ്രഹിക്കുന്ന സമൂഹമായി കേരളസഭ ഇനിയും പരിവർത്തനപ്പെടേണ്ടതുണ്ട്. മനുഷ്യരക്ഷയ്ക്കായി നൽകപ്പെട്ട ഏകനാമം യേശുക്രിസ്തുവിന്റേതാണ് (നടപടി 4:12). അവിടുത്തെ നാമമാകട്ടെ ദൈവത്തിന്റെ നിസ്സീമമായ കരുണയെയാണ് പ്രകാശിപ്പിക്കുന്നത്. ആത്മാവിന്റെ രക്ഷയ്ക്കായി പരിശ്രമിക്കുന്നവർക്ക് അവിടത്തെ നാമം വലിയപ്രത്യാശ നൽകുന്നു. ദൈവത്തിന്റെ കരുണയുടെ മുഖം ഈ കാലയളവിൽ നാം പ്രകാശിപ്പിക്കേണ്ടതാണെന്ന ചിന്ത നമ്മിൽ രൂഢമൂലമാകണം.

ഈശോയുടെ ദിവ്യമായ സ്നേഹത്തിന്റെ അഗ്നിയാണ് ദിവ്യസക്രാരിയിലെ ദിവ്യകാരുണ്യം. നമ്മുടെ രക്ഷയ്ക്കുവേണ്ടി എരിയുന്ന ആ സ്നേഹാഗ്നിയോട് ചേർന്നു നില്ക്കാനാണ് നാം ദിവ്യകാരുണ്യ കോൺഗ്രസിലൂടെ പരിശ്രമിക്കുന്നത്. ബഹു. വികാരിയച്ചന്മാരും വൈദികരും സന്ന്യസ്തരും അല്മായ നേതൃത്വവും ഇക്കാര്യത്തിൽ, വിശ്വാസത്തിൽ സഹകാരികളായ നമ്മുടെ സഹോദരർക്ക് ഉദാത്ത മാതൃക നല്കിക്കൊണ്ട് ദിവ്യകാരുണ്യ സ്നേഹത്തിൽ അധിഷ്ഠിതമായ വിശ്വാസജീവിതം നയിക്കാൻ പ്രേരിപ്പിക്കണം. സഭാനവീകരണം പൂർത്തിയാകുന്നത് ഈശോയോടുള്ള നമ്മുടെ സ്നേഹം അവിടുന്ന് ആഗ്രഹിക്കുന്നവിധം ഊഷ്മളമാകുമ്പോഴാണ്. പരസ്പരം ക്ഷമിക്കാനും വിട്ടുവീഴ്ച ചെയ്യാനും സഹകരിക്കാനും സാധിക്കുന്നവിധത്തിൽ തുറവിയുള്ളതും നിർമ്മലവുമായിരിക്കട്ടെ നമ്മുടെ ബന്ധങ്ങൾ. അങ്ങനെ ഈശോയുടെ ദിവ്യകാരുണ്യത്തിന്റെ യഥാർഥ അവകാശികളും സാക്ഷികളുമായി സമൂഹത്തിൽ ജീവിക്കാൻ ദിവ്യകാരുണ്യ കോൺഗ്രസ് നമ്മെ സഹായിക്കട്ടെ.

ദിവ്യകാരുണ്യത്തെ മുൻനിർത്തിയുള്ള സഭാത്മകമായ ഈ ഒത്തുചേരൽ നമ്മുടെ വിശ്വാസത്തിന്റെ പ്രഘോഷണമായി പരിണമിക്കുന്നതിനും ദിവ്യകാരുണ്യ ഭക്തിയിൽ കേരളസഭ കൂടുതൽ ആഴപ്പെടുന്നതിനും ഈ ദിവ്യകാരുണ്യ കോൺഗ്രസ് വിജയകരമായി നടത്തുന്നതിനും ദിവ്യകാരുണ്യ നാഥന്റെ മുന്നിൽ നിരന്തരം നമുക്കു പ്രാർഥിക്കാം.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കാരുണ്യം, അനുഗ്രഹവും സമാധാനവും ബലിയും സ്തോത്രവുമാകുന്ന വിശുദ്ധ കുർബാനയിലൂടെ സഭാമക്കളായ നിങ്ങൾക്കേവർക്കും സമൃദ്ധമായി ലഭിക്കട്ടെയെന്ന് പ്രാർഥിക്കുന്നു.

എല്ലാ അനുഗ്രഹങ്ങളും നേർന്നുകൊണ്ട്,
കേരള കത്തോലിക്കാസഭയ്ക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
പ്രസിഡന്റ്, കെ.സി.ബി.സി.

**ബിഷപ് മാർ പോളി കണ്ണൂക്കാടൻ**
വൈസ് പ്രസിഡന്റ്, കെ.സി.ബി.സി.

**ബിഷപ് ഡോ. അലക്സ് വടക്കുംതല**
സെക്രട്ടറി ജനറൽ, കെ.സി.ബി.സി.

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിന്റെ മംഗളങ്ങൾ എല്ലാ വൈദികർക്കും നേരുന്നു!!!

# വാർത്തകളും വിശേഷങ്ങളും

## ദൈവദാസി മദർ മേരി സെലിൻ സി.എം.സി. – നാമകരണനടപടികളുടെ അതിരൂപതാതല അന്വേഷണം സമാപിച്ചു



2018 ഏപ്രിൽ 9-ന് അതിരൂപതാ ആസ്ഥാനത്ത് നടന്ന ദൈവദാസി പ്രഖ്യാപനത്തോടെ ആരംഭിച്ച മദർ മേരി സെലിൻ സി.എം.സി. യുടെ നാമകരണ നടപടികളുടെ അതിരൂപതാതല അന്വേഷണങ്ങൾ സമാപിച്ചു. ദൈവദാസിയുടെ കബറിടം സ്ഥിതിചെയ്യുന്ന കറുകുറ്റി തിരുഹൃദയമഠത്തിന്റെ ചാപ്പലിൽ നടന്ന പ്രാർത്ഥനാ ശുശ്രൂഷയോടെയാണ് സമാപന പരിപാടികൾ ആരംഭിച്ചത്. വിവിധ അന്വേഷണ കമ്മീഷനുകളുടെ കണ്ടെത്തലുകളും നിരീക്ഷണങ്ങളും അടങ്ങുന്ന ഏകദേശം 6000-ത്തോളം പേജുകളുള്ള ഔദ്യോഗികരേഖകൾ അഭിവന്ദ്യ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് ഉത്തരവാദിത്തപ്പെട്ടവരിൽനിന്നും സ്വീകരിച്ചു. തുടർന്ന്, അതിരൂപതാതല അന്വേഷണങ്ങൾ

സമാപിക്കുന്നുവെന്ന ഔദ്യോഗിക പ്രഖ്യാപനം പിതാവ് നടത്തി. സമർപ്പിക്കപ്പെട്ട രേഖകൾ, അവയുടെ ഇംഗ്ലീഷ് പരിഭാഷ, മറ്റ് ഔദ്യോഗിക കത്തുകൾ എന്നിവ പെട്ടികളിലാക്കി സീൽ ചെയ്തു. അതിരൂപതയുടെ രേഖാലയത്തിൽ സൂക്ഷിക്കാനുള്ള പെട്ടികൾ അതിരൂപതാ ചാൻസലറെയും റോമിലെ വിശുദ്ധരുടെ നാമകരണത്തിനുവേണ്ടിയുള്ള കാര്യാലയത്തിൽ നേരിട്ടെത്തിക്കേണ്ട പെട്ടികൾ അതിനായി പ്രത്യേകം നിയോഗിക്കപ്പെട്ട carrier-നേയും പിതാവ് ഏൽപിച്ചു. അനേകം വൈദികരും സന്യസ്തരും ദൈവദാസിയുടെ കുടുംബാംഗങ്ങളും മറ്റു വിശ്വാസികളും പങ്കെടുത്ത പരിപാടിയിൽ സി.എം.സി. സഭയുടെ സുപ്പീരിയർ ജനറൽ മദർ ഗ്രേസ് തെരേസ് സി.എം.സി., മേരിമാതാ പ്രവശ്യയുടെ പ്രൊവിൻഷ്യൽ മദർ മരിയ ആന്റോ സി.എം. സി., സി.എം.ഐ. സഭയുടെ തിരുഹൃദയ പ്രവശ്യയുടെ പ്രൊവിൻഷ്യൽ ഫാ. ബെന്നി നൽക്കര സി.എം.ഐ., കറുകുറ്റി സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് ഫൊറോനാ പള്ളി വികാരി ഫാ. സേവ്യർ ആവള്ളിൽ എന്നിവരും സന്നിഹിതരായിരുന്നു.

## കാർഡിനൽ സംഘത്തിലേക്ക് 21 പേർ

വത്തിക്കാൻ പൗരസ്ത്യകാര്യാലയത്തിന്റെ അദ്ധ്യക്ഷൻ ആർച്ചുബിഷപ് ക്ലൗദിയോ ഗുജെറോത്തി, വിശ്വാസകാര്യാലയത്തിന്റെ പുതിയ അദ്ധ്യക്ഷൻ ആർച്ചുബിഷപ് വിക്ടർ മാനുവൽ ഫെർണാണ്ടസ് എന്നിവർ ഉൾപ്പെടെ 21 പേരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഫ്രാൻസിസ് മാർപാപ്പ കാർഡിനൽ സംഘത്തിന്റെ എണ്ണം ഉയർത്തി.

80 വയസ്സ് കഴിഞ്ഞവർക്ക് ആദരാർത്ഥം നൽകുന്ന കാർഡിനൽ പദവിയിലേക്ക് മൂന്നു പേരെ തിരഞ്ഞെടുത്തിട്ടുണ്ട്. വത്തിക്കാൻ സ്ഥാനപതിയായ ആർച്ചുബിഷപ് അഗസ്റ്റിനോ മാർഷെറ്റോ (ഇറ്റലി), വെനിസ്വേലായിലെ വിരമിച്ച ആർച്ചുബിഷപ് ദിയേഗോ സാഞ്ചെസ്, അർജന്റീനായിലെ പോംപെയ് മരിയൻ തീർത്ഥകേന്ദ്രത്തിലെ കുമ്പസാരക്കാരനായ കപ്പുച്ചിൻ സന്യാസി ഫാ. ലുയിസ് പാസ്കർ ഡ്രൈ എന്നിവരാണ് അവർ. ഫ്രാൻസിസ് മാർപാപ്പ കാർഡിനൽ പദവിയിലേക്ക് ഉയർത്തിയവരുടെ എണ്ണം ഇതോടെ 121 ആയി. 66 രാജ്യങ്ങളിൽ നിന്നുള്ളവരാണ് ഇവർ.



## ബിഷപ് വർഗീസ് തോട്ടങ്കര ചുമതലയേറ്റു

എറണാകുളം-അങ്കമാലി അതിരൂപതാംഗമായ ബിഷപ് വർഗീസ് തോട്ടങ്കര 2023 ജൂൺ 29-ന് ബാലസോർ രൂപതയുടെ മെത്രാനായി ചുമതലയേറ്റു. എത്യോപ്യയിൽ സേവനം ചെയ്യുകയായിരുന്ന ബിഷപ് തോട്ടങ്കരയെ ഇക്കഴിഞ്ഞ മെയ് 10-നാണ് ബാലസോർ രൂപതയുടെ പുതിയ മെത്രാനായി ഫ്രാൻസിസ് പാപ്പ നിയമിച്ചത്. അതിരൂപതയിലെ തോട്ടുവ ഇടവകാംഗമായ ബിഷപ് തോട്ടങ്കര 1987-ലാണ് സി.എം. സന്ന്യാസ സഭയ്ക്കു വേണ്ടി കർദിനാൾ മാർ ആന്റണി പടിയറയിൽനിന്ന് പൗരോഹിത്യം സ്വീകരിച്ചത്. ബാലസോർ രൂപത ആസ്ഥാനത്തു നടന്ന സ്ഥാനാരോഹണ ചടങ്ങിൽ തോട്ടുവ വികാരി ഫാ. ജോസ് ചാതേലിയും അതിരൂപതയിലെ ഏതാനും വൈദികരും വിശ്വാസികളും പങ്കെടുത്തു.

## മണിപ്പൂരിലെ ദുരിതബാധിതർക്ക് സാന്ത്വനവുമായി സഹൃദയ

എറണാകുളം-അങ്കമാലി അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയ, മണിപ്പൂരിലെ ദുരിതബാധിതരെ സഹായിക്കുന്നതിനായി വിവിധ ഇടവകകളിൽ നിന്ന് സമാഹരിച്ച ഭക്ഷ്യവസ്തുക്കൾ, വസ്ത്രങ്ങൾ, മറ്റ് നിത്യോപയോഗ സാമഗ്രികൾ എന്നിവ മണിപ്പൂരിലേക്ക് അയച്ചു. മണിപ്പുരിലേക്കുള്ള സാമഗ്രികൾ കയറ്റിയ വാഹനത്തിന്റെ ഫ്ളാഗ് ഓഫ് കർമ്മം അതിരൂപതാ പ്രൊക്യൂറേറ്റർ ഫാ. പോൾ മാടശേരി നിർവഹിച്ചു. സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ ആമുഖസന്ദേശം നൽകി. അസിസ്റ്റന്റ് ഡയറക്ടർ ഫാ. സിബിൻ മനയംപിള്ളി, ജനറൽ മാനേജർ പാപ്പച്ചൻ തെക്കേക്കര, സ്റ്റാഫംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. രണ്ടു തവണകളിലായി എട്ടു ടൺ സാമഗ്രികൾ മണിപ്പുരിലേക്കു നൽകിയതായി ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ പറഞ്ഞു. കാരിത്താസ് ഇന്ത്യയും മണിപ്പൂരിലെ രൂപതാ സാമൂഹ്യപ്രവർത്തനവിഭാഗങ്ങളുമായി സഹകരിച്ചാണ് സഹൃദയ സാന്ത്വനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.



# നിര്യാതരായി



**സി. ഫ്ളോറിയ CMC**

സെന്റ് തെരേസാസ് കോൺവെന്റ്, കൂനമ്മാവ്

| | | |
|---|---|---|
| ജനനം | : | 08-04-1947 |
| വ്രതവാഗ്ദാനം | : | 07-04-1969 |
| മരണം | : | 24-07-2023 |



**സി. ബൊനീറ്റ CMC**

സെന്റ് ജോസഫ്സ് കോൺവെന്റ്, തൃപ്പൂണിത്തുറ

| | | |
|---|---|---|
| ജനനം | : | 28-09-1940 |
| വ്രതവാഗ്ദാനം | : | 04-04-1966 |
| മരണം | : | 20-07-2023 |



**സി. പാസ്കൽ മംഗലി SD**

പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി

| | | |
|---|---|---|
| ജനനം | : | 30-07-1939 |
| വ്രതവാഗ്ദാനം | : | 06-01-1960 |
| മരണം | : | 13-07-2023 |



**സി. എലിന SABS**

(മുരിക്കൻ, പട്ടണക്കാട്)

അഡോറേഷൻ കോൺവെന്റ്, പൊതി

| | | |
|---|---|---|
| ജനനം | : | 25-12-1934 |
| വ്രതവാഗ്ദാനം | : | 15-04-1959 |
| മരണം | : | 11-07-2023 |

# Notification

As per the communication received, Mar Remigiose Inchananiyil, the Bishop of Thamarassery, has suspended Fr. Thomas (Aji) Puthiyaparmabil, an ascribed priest of the Eparchy of Thamarassery, from exercising all priestly ministry i.e., celebrating Holy *Qurbana* and administering other sacraments and sacramentals in the Eparchy of Thamarassery and elsewhere until further orders from the Office of the Bishop of Thamarassery. (Ref. Order No. 3930, dated 18 July 2023).

Chancellor
Archeparchy of Ernakulam-Angamaly

# AICO
## (Archdiocesan Institutions' Central Office)

**ബജറ്റ് ബോർഡ് മീറ്റിംഗ്**

ജൂലൈ 13 നൈപുണ്യ ചാരിറ്റബിൾ സൊസൈറ്റി

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

| | |
|---|---|
| ജൂൺ 29 | മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |
| ജൂൺ 30 | എസ്.എച്ച്. മൈനർ സെമിനാരി, തൃക്കാക്കര |
| ജൂലൈ 05 | ജിയോ സെന്റർ, ചക്കരപ്പറമ്പ് |
| ജൂലൈ 06 | മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |
| ജൂലൈ 10 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| ജൂലൈ 12 | മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |
| ജൂലൈ 13 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| ജൂലൈ 17 | മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |
| ജൂലൈ 18 | വെൽഫെയർ സെന്റർ, വൈക്കം |
| ജൂലൈ 20 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

# വിശ്വാസപരിശീലനകേന്ദ്രം

### വിശുദ്ധ ജോൺ മരിയ വിയാനിയോടൊപ്പം

വിശ്വാസപരിശീലനത്തിന്റെ റെഗുലർ ക്ലാസ്സുകൾ പൂർത്തിയാക്കുന്ന ഡിപ്ലോമ പ്ലസ്ടു വിദ്യാർത്ഥികളുടെ ഫൊറോനാതല ഏകദിന സംഗമമായ എലൈവ് 2023 ജൂലൈ മാസം 9-ാം തീയതിയും കാറ്റിക്കിസം എട്ടാം ക്ലാസ്സ് വിദ്യാർത്ഥികളുടെ ഫൊറോനാതല ഏകദിന ശില്പശാലയായ എൻലൈറ്റ് 2023 ജൂലൈ മാസം 23-ാം തീയതിയും ആരംഭിച്ചു.

1. **എലൈവ് & എൻലൈറ്റ് പരിപാടികൾ:** (2023 ആഗസ്റ്റ്)

   ആഗസ്റ്റ് 06 ഞായർ: എലൈവ് - അങ്കമാലി ഫൊറോന
   ആഗസ്റ്റ് 12 ശനി: എൻലൈറ്റ് - മഞ്ഞപ്ര ഫൊറോന
   ആഗസ്റ്റ് 13 ഞായർ: എലൈവ് - മൂഴിക്കുളം ഫൊറോന
   ആഗസ്റ്റ് 27 ഞായർ: എലൈവ് - പറവൂർ ഫൊറോന

2. **വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ - ആഗസ്റ്റ് 4**

   കാറ്റിക്കിസം വിഭാഗത്തിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 06-ാം തീയതി ഞായറാഴ്ച ഇടവക തലത്തിലുള്ള ആഘോഷം നടത്തുന്നു.

3. **കാറ്റിക്കിസം ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ്:**

   2023-2024 അധ്യയന വർഷത്തിലെ റസിഡൻഷ്യൽ കോഴ്സിനുള്ള രജിസ്ട്രേഷൻ ആഗസ്റ്റ് മാസം 1-ാം തീയതി ആരംഭിച്ച് 10-ാം തീയതി അവസാനിക്കുന്നു. ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ അറിയുവാനും രജിസ്ട്രേഷനുംവേണ്ടി Website: www.catechismernakulam.com -ൽ Diploma Residential Course എന്ന Menu വിൽ Search ചെയ്യുക.

4. 2023 ആഗസ്റ്റ് 20-ാം തീയതി ഞായറാഴ്ച ഫൊറോന സെക്രട്ടറി സിസ്റ്റേഴ്സിന്റെയും പ്രൊമോട്ടേഴ്സിന്റെയും സംയുക്ത മീറ്റിംങ്. ആഗസ്റ്റ് 20-ാം തീയതി ഞായറാഴ്ച രാവിലെ 9.15 ന് രജിസ്ട്രേഷൻ, 9.45-ന് വിശുദ്ധ കുർബാന, തുടർന്ന് മീറ്റിംങ് കലൂർ റിന്യുവൽ സെന്ററിൽ. കഴിഞ്ഞ വർഷം (2022-23) ഫൊറോന സെക്രട്ടറി സ്ഥാന

ത്തുനിന്നും പ്രൊമോട്ടർ സ്ഥാനത്തുനിന്നും മാറിയ എല്ലാവരെയും ആഗസ്റ്റ് 20-ാം തീയതിയിലെ മീറ്റിംങിലേക്ക് സ്വാഗതം ചെയ്യുന്നു. അന്നേദിനം അവരെ ആദരിക്കുന്നതാണ്.

5. Basic Orientation Course (BOC): വിശ്വാസപരിശീലനരംഗത്ത് പുതിയതായി ശുശ്രൂഷ ചെയ്യുന്ന അതിരൂപതയിലെ വിശ്വാസപരിശീല കർക്കുവേണ്ടി ആഗസ്റ്റ് മാസം 30, 31 (ബുധൻ, വ്യാഴം) തീയതി കളിലായി കലൂർ റിന്യുവൽ സെന്ററിൽ BOC സംഘടിപ്പിക്കുന്നു. ഇതിൽ പങ്കെടുക്കുന്ന വിശ്വാസപരിശീലകരുടെ പേരുവിവരങ്ങൾ ആഗസ്റ്റ് 10-ാം തീയതിക്കു മുമ്പായി അതത് ഫൊറോന സെക്രട്ടറി സിസ്റ്ററിന്റെ പക്കൽ രജിസ്റ്റർ ചെയ്യുമല്ലോ.

6. ആഗസ്റ്റ് മാസം നന്മയിൽ വളരാം എന്ന ആപ്തവാക്യം ഉൾക്കൊ ണ്ടുകൊണ്ട് 'ഓണക്കരുതൽ 2023' എന്ന പ്രോഗ്രാമിലൂടെ ഈ വർഷ ത്തെ തിരുവോണം ഇടവകയിൽ നടത്തുവാൻ സാധിക്കുമെന്നു കരു തട്ടെ. വിശ്വാസപരിശീലനത്തിന്റെ ഭാഗമായ 'പങ്കുവയ്ക്കൽ', അപര നോടുള്ള കരുതലിന്റെ ചിന്തയും പ്രവർത്തനവും അനിവാര്യമാണെന്ന ഓർമ്മപ്പെടുത്തലാണ് 'ഓണക്കരുതൽ' എന്നതുകൊണ്ട് ലക്ഷ്യം വയ്ക്കു ന്നത്. ഓണക്കാലാവധി സമയത്ത് ഏതെങ്കിലും ജീവകാരുണ്യ പ്രവൃത്തി (പൊതിച്ചോറ് - ഒരു നേരത്തെ ഭക്ഷണം; പുത്തനുടുപ്പ് - വസ്ത്രം നൽകൽ etc.) ചെയ്തുകൊണ്ട് തിരുവോണം നമുക്കാഘോഷിക്കാം.

7. 2023 ജൂലൈ 03 തിങ്കളാഴ്ച നടത്തിയ മാർഗ്ഗം 2K23 ക്വിസിന്റെ (വിഷയം: സീറോമലബാർ ഹൈരാർക്കി സ്ഥാപനവും എറണാകുളം-അങ്കമാലി അതിരൂപതയും, ഓൺലൈൻ) ഉത്തരങ്ങളും സമ്മാനാർഹ രായവരുടെ പേരുകളും catechismernakulam Youtube Channel - ൽ നൽകി യിട്ടുണ്ട്. അതിൽ പങ്കെടുത്ത എല്ലാവർക്കും പ്രത്യേകിച്ച് സമ്മാനർ ഹരായവർക്ക് അഭിനന്ദനങ്ങൾ. പേരുകൾ താഴെ ചേർക്കുന്നു (ഇവർ ക്കുള്ള സമ്മാനങ്ങൾ പിന്നീട് നൽകുന്നതായിരിക്കും).

1. Jewel Mariya Antony, Plappallil House, St Antony's Church, Achinakom, Vaikom
2. Sophy Joseph, Areeckal House, St Antony's Church, Edakkunnu, Karukutty
3. Dr. Jolly Paul, Punchaputhussery House, St Joseph's Church, Njaralloor, Kizhakkambalam

4. Ajith P. Thomas, Palatty House, St Joseph's Church, Karayamparambu, Karukutty

5. Jays Joseph, Pallipparambil House, St Mary's Forane Church, Muttom, Cherthala

8. **Catechism Teachers' Orientation Programme (CTOP) :**

Std. VI, ആഗസ്റ്റ് 28,
കലൂർ റിന്യൂവൽ സെന്റർ, 9.00 A.M. - 4.00 P.M.

- ജൂലൈ മാസത്തിൽ നടത്തിയ CTOP കൾ
  - Std. X ജൂലൈ 08 (ശനി), 251 വിശ്വാസപരിശീലകർ ഈ കോഴ്സിൽ പങ്കെടുത്തു. Fr. Dr. Peter Kannampuzha, Mr. Anto Akkara (LLB & Journalist), Fr. Dr. Augustine Kallely, Fr. Dr. Sebastian Kizhakkettam എന്നിവർ ക്ലാസ്സുകൾ നയിച്ചു.
  - Std VIII ജൂലൈ 17 (തിങ്കൾ), 252 വിശ്വാസപരിശീലകർ ഈ കോഴ്സിൽ പങ്കെടുത്തു. Fr. Dr. Peter Kannampuzha, Mr. Joshy Joseph Karukutty, Fr. Savy Padickaparambil, Mr. Sajeev Parecattil, Prof. Dr. Reena Sebastian എന്നിവർ ക്ലാസ്സുകൾ നയിച്ചു.
  - Std. VII: ജൂലൈ 28 (വെള്ളി), 255 വിശ്വാസപരിശീലകർ ഈ കോഴ്സിൽ പങ്കെടുത്തു. Fr. Dr. Peter Kannampuzha, Fr. Rijo Mynattiparambil, Fr. Johnson Koovely, Bro. Tony Mundanmany ORC എന്നിവർ ക്ലാസ്സുകൾ നയിച്ചു.

9. **ജൂലൈ മാസത്തിലെ എലൈവ് & എൻലൈറ്റ് പരിപാടികൾ:**
   - 09 ഞായർ എലൈവ് - മൂക്കന്നൂർ ഫൊറോനയിലെ ലിറ്റിൽ ഫ്ളവർ സി.എസ്.റ്റി. ആശ്രമത്തിൽ. 11 ഇടവകകളിൽ നിന്നായി 165 കുട്ടികളും 20 വിശ്വാസപരിശീലകരും പങ്കെടുത്തു.
   - 16 ഞായർ എലൈവ് - വൈക്കം ഫൊറോനയിലെ സെന്റ് മേരീസ് വല്ലകം പള്ളിയിൽ. 20 ഇടവകകളിൽ നിന്നായി 267 കുട്ടികളും 21 വിശ്വാസപരിശീലകരും പങ്കെടുത്തു.
   - 23 ഞായർ എൻലൈറ്റ് - എറണാകുളം ഫൊറോനയിലെ ലിറ്റിൽ ഫ്ളവർ എളംകുളം പള്ളിയിൽ. 23 ഇടവകകളിൽ നിന്നായി 355 കുട്ടികളും 22 വിശ്വാസപരിശീലകരും പങ്കെടുത്തു.

എലൈവ് & എൻലൈറ്റ് എന്നിവ നടത്തുവാൻ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിതന്ന ബഹു. വികാരിയച്ചന്മാർക്കും വിശ്വസപരിശീലകർക്കും പള്ളികമ്മിറ്റി അംഗങ്ങൾക്കും, ഫൊറോന കൗൺസിലിനും പ്രത്യേകം നന്ദി.

10. ആഗസ്റ്റ് 15 – മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ (ഓഫീസ് അവധി)

11. ആഗസ്റ്റ് 29 – തിരുവോണം (ഓഫീസ് അവധി)

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

---

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

---

## 2023 ആഗസ്റ്റ് – സെപ്റ്റംബർ

### വിവാഹഒരുക്ക ധ്യാനം (MPR)

ആഗസ്റ്റ് 01-03 (കാലടി)
ആഗസ്റ്റ് 07-09 (കലൂർ)
ആഗസ്റ്റ് 15-17 (കാലടി)
ആഗസ്റ്റ് 21-23 (കലൂർ)
ആഗസ്റ്റ് 22-24 (കാലടി)

സെപ്റ്റംബർ 04-06 (കലൂർ)
സെപ്റ്റംബർ 12-14 (കാലടി)
സെപ്റ്റംബർ 18-20 (കലൂർ)
സെപ്റ്റംബർ 19-21 (കാലടി)
സെപ്റ്റംബർ 26-28 (കാലടി)

NB: ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

**ബേബിഷൈൻ ധ്യാനം** (Contact: 8078334522)

ആഗസ്റ്റ് 04-06

**ദമ്പതി ധ്യാനം** (Contact: 8078334522)

ആഗസ്റ്റ് 10-13

**യൂദിത്ത് ഷൈൻ വിധവാധ്യാനം** (Contact: 9400836249)

ആഗസ്റ്റ് 18-20

**ദമ്പതീ സംഗമം (ഏകദിനം)**

ആഗസ്റ്റ് 06 കൈപ്പട്ടൂർ
ആഗസ്റ്റ് 13 അമ്പുനാട്
ആഗസ്റ്റ് 27 വെള്ളാരപ്പിള്ളി

**സ്നേഹജ്വാല (ദാമ്പത്യ പരിശീലനം)**

ആഗസ്റ്റ് 04-06 മങ്കുഴി
ആഗസ്റ്റ് 18-20 വൈക്കം

**യൂദിത്ത് ഫോറം റിസോഴ്സ് ടീം ട്രെയ്നിംങ്ങ്**

ആഗസ്റ്റ് 12 റിന്യൂവൽ സെന്റർ, കലൂർ

**വിധവാ സംഗമം**

ആഗസ്റ്റ് 06 - വെള്ളാരപ്പിള്ളി

**യുവജന സെമിനാർ**

ആഗസ്റ്റ് 27 - അമ്പുനാട്

**വിവാഹോത്സവ്, 2023**

**1973, 1998** വർഷങ്ങളിൽ വിവാഹിതരായ അതിരൂപതയിലെ ജൂബിലേറിയൻ ദമ്പതികളെ ആദരിക്കുന്ന 'വിവാഹോത്സവ്' സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിൽ ഫൊറോനാ തലത്തിൽ ആയി നടത്തുന്നു. ഓരോ ഫൊറോനയുടെ സ്ഥലവും (bracket) തീയതിയും ശ്രദ്ധിക്കുമല്ലോ!!

**ഫൊറോനതല വിവാഹോത്സവ് തീയതികൾ:**

| | |
|---|---|
| സെപ്റ്റം. 02 | കൊരട്ടി (Annanadu), അങ്കമാലി (Vengoor) |
| സെപ്റ്റം. 09 | കറുകുറ്റി (Edakkunnu), മൂഴിക്കുളം (Kodussery) |
| സെപ്റ്റം. 16 | മൂക്കന്നൂർ (Mookkannoor), മഞ്ഞപ്ര (Manjapra) |
| സെപ്റ്റം. 23 | കാഞ്ഞൂർ (Kaippattoor), വല്ലം (Perumbavoor) |
| സെപ്റ്റം. 30 | കിഴക്കമ്പലം (Kizhakkambalam), ഇടപ്പള്ളി (Edappally) |
| ഒക്ടോ. 07 | പറവൂർ (Alangad) |
| ഒക്ടോ. 14 | വൈക്കം (Thalayolaparambu) |
| ഒക്ടോ. 21 | പള്ളിപ്പുറം (Pallippuram), ചേർത്തല (Muttom) |
| ഒക്ടോ. 24 | എറണാകുളം (Perumanoor), തൃപ്പൂണിത്തുറ (Thrippunithura) |

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

## സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

### വിവരസാങ്കേതികവിദ്യ സർട്ടിഫിക്കറ്റുകൾ നൽകി

ന്യൂറോ ഡൈവേർജന്റ് ആയ വ്യക്തികൾക്ക് വിവര സാങ്കേതിക വിദ്യയിലും നിർമിത ബുദ്ധിയിലും പരിശീലനം നൽകി തൊഴിൽ സാദ്ധ്യതകൾ ഉറപ്പാക്കുന്നതിനായി നടപ്പാക്കുന്ന ഇൻക്ലൂസിസ് ഓർഗ് ഫൗണ്ടേഷന്റെ ഭാഗമായി വിവരസാങ്കേതികവിദ്യയിലും നിർമിത ബുദ്ധിയിലും ആറുമാസ പരിശീലനം നേടിയ **ഭിന്നശേഷിക്കാരായ** 49 പേർക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കിടങ്ങൂർ, കൂനമ്മാവ്, പുതിയകാവ്, തുറവൂർ എന്നിവിടങ്ങളിലെ ഇൻക്ലൂസിസ് സ്കില്ലിംഗ് സെന്ററുകളിലാണ് ഐ.ടി. പരിശീലനം ലഭ്യമാക്കിയത്. ആദ്യബാച്ചിൽ പരിശീലനം നേടിയവരിൽ 10 പേർക്ക് വിവിധ സ്ഥാപനങ്ങളിൽ സ്ഥിരജോലി നേടാൻ കഴിഞ്ഞു. കണ്ണൂർ, മലപ്പുറം, കോഴിക്കോട്, തൃശൂർ, കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിലായി നൂറ്റമ്പതോളം ഭിന്നശേഷിക്കാർ മൂന്നാം ബാച്ചിൽ പരിശീലനം നേടിവരുന്നു.

### നൈവേദ്യ ആരോഗ്യ മാസാചരണം

സഹൃദയ നൈവേദ്യ ആയുർവേദ ആശുപത്രിയിലെ കർക്കിടക ചികിത്സയോടനുബന്ധിച്ചുള്ള ആരോഗ്യ മാസാചരണം ആരംഭിച്ചു. നൈവേദ്യ പുറത്തിറക്കുന്ന ഔഷധ കഞ്ഞിക്കിറ്റുകളുടേയും ആയുർവേദസോപ്പിന്റേയും വിപണനോദ്ഘാടനം ഉമ തോമസ് എം.എൽ.എ. നിർവഹിച്ചു

### മണിപ്പൂരിലേക്ക് സഹായം

കലാപബാധിതമായ മണിപ്പൂരിൽ ദുരിതമനുഭവിക്കുന്ന സഹോദരങ്ങൾക്കായി വിവിധ ഇടവകകളിൽ നിന്ന് ശേഖരിച്ച വസ്ത്രങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും മണിപ്പൂരിലേക്ക് അയച്ചു നൽകി. വാഹനത്തിന്റെ ഫ്ളാഗ് ഓഫ് കർമം അതിരൂപത പ്രൊക്കുറേറ്റർ റവ. ഫാ. പോൾ മാടശ്ശേരി നിർവഹിച്ചു.

### ദുരിത ബാധിതർക്ക് ഭക്ഷ്യകിറ്റുകൾ നൽകി

നായരമ്പലത്ത് കടൽക്ഷോഭം മൂലം ദുരിതമനുഭവിച്ച ഇരുന്നൂറോളം കുടുംബങ്ങൾക്ക് സഹൃദയയുടെ ആഭിമുഖ്യത്തിൽ സാൻജോപുരം പള്ളിയങ്കണത്തിൽ വച്ച് ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തു.

**മാലിന്യസംസ്കരണ സംവിധാനം**

കൊച്ചി ചാവറ കൾച്ചറൽ സെന്ററിൽ സഹൃദയ ടെക്കിന്റെ സാങ്കേതിക മേൽനോട്ടത്തിൽ ജൈവ മാലിന്യ സംസ്കരണത്തിനായി കമ്മ്യൂണിറ്റി ബയോബിൻ സ്ഥാപിച്ച്. നൽകി. കൊച്ചി നഗരത്തിലെ വിവിധ ഫ്ളാറ്റുകളിൽ ബയോ ബിന്നുകൾ സ്ഥാപിക്കാനും ഉത്പാദിപ്പിക്കപ്പെടുന്ന കമ്പോസ്റ്റ് തിരികെ എടുക്കുവാനുമുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു (കോൺടാക്ട്: 8943710720).

**മഴവെള്ള സംഭരണ പദ്ധതി**

പൊതി ശാന്തിഭവൻ ആരാധനാ മഠത്തിന്റെ ആഭിമുഖ്യത്തിൽ 1,10,000 ലിറ്റർ സംഭരണ ശേഷിയുള്ള മഴവെള്ള സംഭരണി നിർമാണം പുർത്തിയായി.

**സംഘം ഗ്രേഡിംഗ്**

തൃപ്പൂണിത്തറ ഫൊറോനയിലെ ആരക്കുന്നം ഇടവകയിൽ പ്രവർത്തിക്കുന്ന മൂന്ന് സ്വയം സഹായ സംഘങ്ങളുടെ ഗ്രേഡിങ് നടത്തി. വിവിധ സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി 11,70000/- രൂപ വിതരണം നടത്തി.

പനങ്ങാട് ഇടവകയിൽ പ്രവർത്തിക്കുന്ന മൂന്ന് സ്വയം സഹായ സംഘങ്ങളുടെ ഗ്രേഡിങ് നടത്തി. വിവിധ സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി 10,05,000/- രൂപ വിതരണം നടത്തി.

എളങ്കുന്നപ്പുഴയിൽ രണ്ട് സംഘങ്ങൾക്കായി ക്രെഡിറ്റ് ക്യാമ്പ് നടത്തി വിവിധ സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി 9,30,000/- രൂപ വിതരണം ചെയ്തു.

**സംഘം വാർഷികം**

ആരക്കുന്നം, നെടുങ്ങാട് ഇടവകകളിലെ സ്വയം സഹായ സംഘങ്ങളുടെ വാർഷിക ആഘോഷം നടത്തി.

**ശക്തീകരണ ക്ലാസ്സ്**

പനങ്ങാട്, നീണ്ടൂർ, ഞാറക്കൽ, എളങ്കുന്നപ്പുഴ, കോക്കുന്ന് ഇടവകകളിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് ശാക്തീകരണ ക്ലാസ്സ് നടത്തി.

**പ്രഥമ ശുശ്രൂഷ പരിശീലനം**

ആസ്റ്റർ മെഡ്സിറ്റി ബി ഫസ്റ്റ് എമർജൻസി ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ കൈപ്പട്ടൂർ, മലയാറ്റൂർ എന്നീ ഇടവകകളിലും

ജൻശിക്ഷൻ സൻസ്ഥാൻ എറണാകുളത്തിന്റെ ഓഫീസ് ഹാളിലും പ്രഥമ ശുശ്രൂഷ പരിശീലനം സംഘടിപ്പിച്ചു. കൈപ്പട്ടൂരിൽ 75 പേരും മലയാറ്റൂരിൽ 30 പേരും ജൻശിക്ഷൻ സൻസ്ഥാനിൽ 35 പേരും പരിശീലനം നേടി സർട്ടിഫിക്കറ്റിന് അർഹരായി. .

**ലഹരിക്കെതിരെ സന്ദേശവുമായി ഫുട്ബോൾ മത്സരം**

കാരിത്താസ് ഇന്ത്യയും, കേരള സോഷ്യൽ സർവീസ് ഫോറവും സഹൃദയയും ചേർന്ന് നടപ്പിലാക്കുന്ന സജീവം ആന്റി ഡ്രഗ് കാംപെയിൻ-ന്റെ ഭാഗമായി ലോക ലഹരി വിരുദ്ധ ദിനത്തിൽ പൊന്നുരുന്നിയിൽ വൈറ്റില യുവജനക്കൂട്ടായ്മയുടെ സഹകരണത്തോടെ യുവാക്കൾക്കായി സൗഹൃദ ഫുട്ബാൾ മത്സരം സംഘടിപ്പിച്ചു.

**സജീവം ആന്റി ഡ്രഗ് കാംപെയിൻ**

ഇതിന്റെ ഭാഗമായി ലഹരി വിരുദ്ധ വാരാചരണം, മെഴുകുതിരി തെളിയിച്ച് വീട്ടമ്മമാരുടെ നേതൃത്വത്തിൽ. ലഹരി വിരുദ്ധ പ്രതിജ്ഞ എന്നിവയും സ്കൂളുകളിലും, കോളേജുകളിലും, സ്വയം സഹായ സംഘങ്ങളിലുമായി ബോധവത്കരണ ക്ലാസുകളും, വിദ്യാർത്ഥികൾക്കായി രചനാ മത്സരങ്ങളും സംഘടിപ്പിച്ചു.

**ആശാകിരണം കേശദാന പരിപാടി:** കാൻസർ കെയർ പദ്ധതിയുടെ ഭാഗമായി സഹൃദയ സിഎംഎൽ കാഞ്ഞൂർ എന്നിവർ സംയുക്തമായി കാഞ്ഞൂർ പള്ളിയിൽ കേശദാന പരിപാടി സംഘടിപ്പിച്ചു. 60 പേർ കേശദാനം നടത്തി.

**ബോധവൽക്കരണ ക്ലാസ്സ്**

കാരണകോടം സെന്റ് ജൂഡ് ഇടവകയിൽ പുതിയ സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള പ്രാഥമീക നടപടികളുടെ ഭാഗമായി ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.

**സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു**

സഹൃദയയും കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജനശിക്ഷൻ സൻസ്ഥാൻ എറണാകുളത്തിന്റെയും ആഭിമുഖ്യത്തിൽ താന്നിപ്പുഴ സെന്റ് ജോസഫ്സ് പള്ളിയിൽ സംഘടിപ്പിച്ച ഫ്രൂട്ട്സ് & വെജിറ്റബിൾ പ്രിസർവേഷൻ പരിശീലനം പൂർത്തിയാക്കിയ 20 വനിതകൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

**ജെ.എൽ.ജി. ഗ്രൂപ്പ് രൂപീകരിച്ചു**

എളങ്കുന്നപുഴ ഇടവകയിൽ 6 ജെഎൽജി ഗ്രൂപ്പ് രൂപീകരിച്ചു.വിവിധ സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി 2,40,000/- രൂപ വിതരണം നടത്തി.

ഇടപ്പള്ളി, പാലാരിവട്ടം എന്നി ഇടവകകളിൽ 8 ജെഎൽജി ഗ്രൂപ്പ് രൂപീകരിച്ചു. വിവിധ സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണ ത്തിനായി 2,80,000/- രൂപ വിതരണം നടത്തി.

മരുത്തോർവട്ടം, മുട്ടത്തിപറമ്പ് എന്നി ഇടവകകളിൽ 12 അംഗങ്ങൾ ക്കായി ജെ.എൽ.ജി. ഗ്രൂപ്പ് രൂപീകരിച്ചു.വിവിധ സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി 5,60,000/- രൂപ വിതരണം നടത്തി.

**കർക്കിടക കഞ്ഞി കിറ്റ് വിതരണം**

കാഞ്ഞൂർ വില്ലേജിൽ സഹൃദയ ഔഷധ കഞ്ഞികിറ്റിന്റെ വിപണന പരിപാടി ഉദ്ഘാടനം ചെയ്തു.

**പേപ്പർ ക്യാരി ബാഗ്, എൻവലപ്പ്, ഫയൽ നിർമ്മാണ പരിശീലനം**

സഹൃദയയുടെയും ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്ര (RSETI) ത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പറവൂർ റീജിയനൽ ഓഫീസിൽ പത്ത് ദിവസം നീണ്ടു നിൽക്കുന്ന പേപ്പർ ക്യാരി ബാഗ് എൻവലപ്പ് ഫയൽ നിർമ്മാണം എന്നിവയുടെ സൗജന്യ പരിശീലനം സംഘടിപ്പിച്ചു.

ഈസ്റ്റ് ചേരാനല്ലൂർ സെന്റ് ഫ്രാൻസീസ് സേവ്യർ ചർച്ച് മീഡിയ ഹാളിൽ പത്ത് ദിവസം നീണ്ടു നിൽക്കുന്ന അച്ചാറുകൾ, കറി പൗഡറുകൾ, പപ്പടം എന്നിവയുടെ നിർമാണ പരിശീലനം നടത്തി.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) നൈപുണ്യ ഇന്റർനാഷണൽ, കോർപ്പറേറ്റ് ഓഫീസ്

**Contact: 9446339966, 0484-2381947, 9947489966**

നൈപുണ്യ ഇന്റർനാഷണലിന്റെ നവീകരിച്ച കോർപ്പറേറ്റ് ഓഫീസ് ജൂലൈ 22-ന് വെഞ്ചരിച്ചു.

- **Overseas Education - Work/Study Abroad**
  Attn: + 2 students & graduates - golden opportunity awaits you!
- Study, work & settle in your dream destinations- Canada, UK, Germany, Australia & New Zealand
- January 2024 & September 2024 intake is open.
- UK Nursing Free Recruitment
- Ireland Nursing, Apply Immediately.
- Start your IELTS preparation immediately.
- IELTS offline & online classes (New batches on all Mondays)

- **NICE (Naipunnya International Communicative English)**
- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓൺലൈൻ & ഓഫ് ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള Students, Parents, Employees നെ സ്വാഗതം ചെയ്യുന്നു.

- **Talent Track**
- 2022-23 അധ്യായനവർഷത്തിലെ 10, 12 ക്ലാസ്സിൽ ഫുൾ എ പ്ലസ് കരസ്ഥമാക്കിയ വിദ്യാർഥികൾക്ക് മൊമെന്റോ നൽകി ആദരിച്ചു.

## 2) നൈപുണ്യ അക്കാദമി, റിന്യൂവൽ സെന്റർ, കലൂർ

**Contact: 9544919144 , 9072919144**

- **ആഗസ്റ്റ് മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻ കോഴ്സ് (A1, A2) ബാച്ചുകൾ ആഗസ്റ്റ് 1-ന് ആരംഭിക്കുന്നു.

2. സ്പാനിഷ് കോഴ്സ് (A1) ബാച്ചുകൾ (ഓൺലൈൻ) ആഗസ്റ്റ് 1-ന് ആരംഭിക്കുന്നു.
3. ജർമൻ കോഴ്സ് (A1, A2, B1 & B2.1) ബാച്ചുകൾ സെപ്റ്റംബർ 4-ന് ആരംഭിക്കുന്നു.
4. സിവിൽ സർവീസ് റെഗുലർ, സൺഡേ, ഫൗണ്ടേഷൻ & NICSA ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു (2023 -2024).
5. സിവിൽ സർവീസ് ഔട്ട്റീച്ച് പ്രോഗ്രാമുകൾ തുടരുന്നു.

## 3) നൈപുണ്യ അക്കാദമി, തൃക്കാക്കര

**Contact: 9544919133, 9947349966**

- **Programs - AUGUST**

- UGC NET/JFR PAPER I & PAPER II (batch for December exam)
- BANK (IBPS, PO, CLERK, SO) (new admission all Mondays)
- SSC (CGL, CHSL, MTS) (new admission all Mondays)
- C Mat, K-Mat (admission for next Exam)
- PSC - Offline (new admission all Mondays)
- IELTS - Regular & Offline (all Mondays new batch)
- PTE (Pearson Test of English) (All Mondays new batch)

## 4) നൈപുണ്യ ഇന്റർനാഷണൽ, L.F. കാമ്പസ്, അങ്കമാലി

**Contact: 9544919155, 9633338433**

IELTS, OET തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തി വരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായ ങ്ങളും ലഭ്യമാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചു വരുന്നു. കൂടാതെ, കോളേജുകൾ കേന്ദ്രീകരിച്ചുള്ള വിദേശ വിദ്യാഭ്യാസ പരിശീലന പരിപാടികളും നടത്തി വരുന്നു.

## 5) നൈപുണ്യ ഇന്റർനാഷണൽ, പാലാ

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**

## Archdiocesan Corporate Educational Agency

Renewal Centre, Azad Road, Kaloor, Kochi 682 017
www.ernakulameducationcouncil.com. Mob: 7907106119
email: ernakulameducation@gmail.com

**കോർപ്പറേറ്റ് വിദ്യാഭ്യാസ കോർ-കമ്മിറ്റി മീറ്റിംഗ്**

പുതിയ വിദ്യാലയ വർഷത്തെ വിവിധ പരിപാടികൾ ആവിഷ്കരിക്കുന്നതിനായി കോർപ്പറേറ്റ് മാനേജരുടെ അദ്ധ്യക്ഷതയിൽ കോർകമ്മിറ്റി യോഗം ചേരുകയുണ്ടായി. വിവിധ വിദ്യാലയങ്ങളിൽ നിന്നുള്ള പ്രതിനിധികൾ അടങ്ങുന്നതാണ് കോർ കമ്മിറ്റി.

**വടക്കേകര സെന്റ് പീറ്റേഴ്സ് യു.പി. സ്കൂളിന് പുതിയ മന്ദിരം**

ചിരകാലാഭിലാക്ഷമായിരുന്ന പുതിയ മന്ദിരത്തിന്റെ വെഞ്ചിരിപ്പുകർമ്മം, അതിരൂപത പ്രോട്ടോസിഞ്ചെല്ലൂസ് ഫാ. വർഗ്ഗീസ് പൊട്ടയ്ക്കൽ നിർവ്വഹിച്ചു. ശ്രീ. വി.ഡി. സതീശൻ എം.എൽ.എ. മന്ദിരം ഉദ്ഘാടനം ചെയ്തു.

**പുത്തൻപള്ളി സെന്റ് ജോർജ് ഹയർ സെക്കന്ററി സ്കൂളിന് ദേശീയ അംഗീകാരം**

2021-2022 ലെ അറ്ഘ മാരത്തോണിൽ പുത്തൻപള്ളി, സെന്റ് ജോർജ്ജ് ഹയർ സെക്കന്ററി സ്കൂൾ ദേശീയ തലത്തിൽ 26-ാം സ്ഥാനവും സംസ്ഥാന തലത്തിൽ രണ്ടാം സ്ഥാനവും നേടി. മരിയ ജോസു, ആൽഫിൻ സോജൻ, ഷെൽവിൻ ഷിബു എന്നീ വിദ്യാർത്ഥികളാണ് സ്കൂളിനെ പ്രതിനിധീകരിച്ചത്.

**സെന്റ് മേരീസ് ഫുട്ബോൾ അക്കാദമി**

ആലുവ സെന്റ് മേരീസ് ഹൈസ്കൂളിന്റെയും ആലുവ നഗരത്തിന്റെയും കായിക രംഗത്തെ വളർച്ചയെ മുന്നിൽ കണ്ട് ആരംഭിച്ച സെന്റ് മേരീസ് ഫുട്ബോൾ അക്കാദമിയുടെ പ്രവർത്തനം കോർപ്പറേറ്റ് മാനേജർ ഫാ. തോമസ് നങ്ങേലിമാലിൽ ഉദ്ഘാടനം ചെയ്തു. ആലുവ സെന്റ് മേരീസ് ഹൈസ്കൂളിന്റെ ഫുട്ബോൾ രംഗത്തെ പ്രഗത്ഭരായ താരങ്ങൾ പങ്കെടുത്ത പരിപാടിയിൽ വച്ച് 35 കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തു. ഈ വർഷത്തെ സുബ്രതോ കപ്പിൽ ആലുവ

ഉപജില്ലയിൽ സബ് ജൂനിയർ വിഭാഗത്തിൽ ആലുവ സെന്റ് മേരീസ് ജേതാക്കളായി.

**പ്രധാനാദ്ധ്യാപകരുടെ യോഗം**

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ പ്രധാനാദ്ധ്യാപകരുടെ ഈ വർഷത്തെ ആദ്യയോഗം ഹയർസെക്കന്ററി വിദ്യാഭ്യാസ റീജനൽ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. അബ്ദുൾ കരീം കെ. നിർവ്വഹിച്ചു. വടക്കൻ പറവൂർ ഉപജില്ല വിദ്യാഭ്യാസ ആഫീസർ ശ്രീ സി.എസ് ജയദേവൻ മുഖ്യ പ്രഭാക്ഷണം നടത്തി. കോർപ്പറേറ്റ് മാനേജർ ഫാ.തോമസ് നങ്ങേലിമാലിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. അസി.മാനേജർ ഡോ. ബെന്നി പാലാട്ടി, പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. ഫ്രാൻസീസ് ഇടത്രക്കരി, എച്ച്.എം. ഫോറം സെക്രട്ടറി ശ്രീ. മാർട്ടിൻ ടി.ജി., ശ്രീമതി ജിനി വർഗ്ഗീസ് എന്നിവർ സംസാരിച്ചു.

**നവാഗതഅദ്ധ്യാപക-അനദ്ധ്യാപകരുടെ യോഗം**

2022-2023 അദ്ധ്യയന വർഷം നിയമിതരായ അദ്ധ്യാപക-അനദ്ധ്യാപക സ്റ്റാഫംഗങ്ങളുടെ യോഗം 17-07-2023 തിങ്കളാഴ്ച കലൂർ റിന്യൂവൽ സെന്ററിൽ വച്ച് നടന്നു. സത്യദീപം പത്രാധിപർ ഫാ. മാത്യു കിലുക്കൻ യോഗം ഉദ്ഘാടനം ചെയ്തു. കോർപ്പറേറ്റ് ഏജൻസിയുടെ സ്ഥാപന ഉദ്ദേശ്യലക്ഷ്യങ്ങൾ, ടീം വർക്കിന്റെ പ്രാധാന്യം പുതിയ അദ്ധ്യാപകരുടെ പങ്ക് എന്നീ വിഷയങ്ങൾ അധികരിച്ചുള്ള അക്കാദമിക് മാസ്റ്റർ പ്ലാൻ വിവിധ സെഷനുകൾ ശ്രീമതി ഗ്ലാഡിസ് ഷെറിൻ, ശ്രീ സാജു ജോസ്, പ്രൊഫ. ഫ്രാൻസീസ് ഇടത്രക്കരി എന്നിവർ നയിച്ചു. അസി. കോർപ്പറേറ്റ് മാനേജർ ഡോ. ബെന്നി പാലാട്ടി സ്വാഗതവും ശ്രീമതി സിഞ്ചു വർഗ്ഗീസ് നന്ദിയും പറഞ്ഞു.

**കാർഡിനൽ ഹയർ സെക്കന്ററിയ്ക്ക് പുതിയ കമ്പ്യൂട്ടർ ലാബ്**

കാർഡിനൽ ഹയർ സെക്കന്ററി സ്കൂൾ രജത ജൂബിലിയാഘോഷത്തിന്റെ ഭാഗമായി 30 കമ്പ്യൂട്ടറുകളുമായി പുതിയ കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ചു. മുൻ കോർപ്പറേറ്റ് മാനേജർ ഫാ. പോൾ ചിറ്റിനപ്പിള്ളി ലാബിന്റെ ആശീർവാദ കർമ്മം നിർവ്വഹിച്ചു. തൃക്കാകര എംഎൽഎ ശ്രീമതി ഉമാ തോമസ് ഉദ്ഘാടനം ചെയ്തു.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**കോർപ്പറേറ്റ് മാനേജർ**

# കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്

## പ്രവർത്തന വർഷ ഉദ്ഘാടനവും മെഗാ ക്വിസ് മത്സരവും

കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് പ്രവർത്തന വർഷ ഉദ്ഘാടനവും മെഗാ ക്വിസ് മത്സരവും ജൂൺ 10-ാം തിയതി കലൂർ റിന്യൂവൽ സെന്ററിൽ വച്ചു നടന്നു. അതിരൂപത ഡയറക്ടർ ഫാ. തോമസ് നങ്ങേലിമാലിൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ അതിരൂപത പ്രസിഡന്റ് ജീബ പൗലോസ് അദ്ധ്യക്ഷത വഹിച്ചു. അതിരൂപത അസി. ഡയറക്ടർ ഡോ. ബെന്നി പാലാട്ടി മുഖ്യ പ്രഭാഷണം നടത്തി. ശ്രീമതി. ജിനി വർക്ഷീസ്, ശ്രീ ജോയ്മോൻ, ശ്രീ ജോസഫ് പാലയ്ക്കപ്പിള്ളി ശ്രീമതി ബീന തോമസ് എന്നിവർ പ്രസംഗിച്ചു. ടാലന്റ് ഹണ്ട് സ്കോളർഷിപ്പ് പരീക്ഷയിൽ 90% ശതമാനത്തിനു മുകളിൽ മാർക്ക് ലഭിച്ച ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച മെഗാ ക്വിസ് ണഒകദഎള്ളടഠന് ശ്രീ മഹേഷ് ആർ നേതൃത്വം നൽകി. മത്സര വിജയികൾ : 1. ജിയജോർജ്ജ്, സെന്റ് അഗസ്റ്റിൻസ് എച്ച്എസ് കലൂർ, (3000/- രൂപയും ട്രോഫിയും), 2. അന്ന ഷാജി, നിർമല എച്ച്എസ്സ്എസ്സ്, (2000/- രൂപയും ട്രോഫിയും) 3. അദിത് ജി, കാർഡിനൽ എച്ച്എസ് തൃക്കാകര, 1000/- രൂപയും ട്രോഫിയും)

## മണിപ്പൂർ സംഭവം ലജ്ജാകരം

ഭാരതത്തിന്റെ പാരമ്പര്യത്തിനും പൈതൃകത്തിനും ലജ്ജ തോന്നും വിധം മണിപ്പൂരിൽ നടക്കുന്ന കലാപം ലോക മനസാക്ഷിയെ ഞെട്ടിപ്പിക്കുന്നതാണ്. മാസങ്ങളായി വംശീയ ആക്രമണം നേരിടുന്ന മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് എറണാകുളം-അങ്കമാലി അതിരൂപതയുടെ വിദ്യാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനയും പ്രതിഷേധ ജ്വാലയും സംഘടിപ്പിച്ചു. അതിരൂപതതല ഉദ്ഘാടനം കാർഡിനൽ എച്ച്എസ് തൃക്കാക്കര ഹെഡ്മാസ്റ്റർ ശ്രീ ബിജു സൈമൺ ഉദ്ഘാടനം ചെയ്തു. ഫാ. എബി ഇടശ്ശേരി പ്രാർത്ഥന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. അതിരൂപത പ്രസിഡന്റ് ജീബ പൗലോസ് മുഖ്യ സന്ദേശം നൽകിയ യോഗത്തിൽ അദ്ധ്യാപകരായ സി. സാലി, എൽസി ജോസഫ്, ഷാലറ്റ് പൗലോസ് എന്നിവർ പ്രസംഗിച്ചു.

**അദ്ധ്യാപക നിയമനങ്ങൾ അംഗീകരിക്കുക**

എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് നിയമനങ്ങൾക്ക് അംഗീകാരം നൽകുക, ഡി.എ കുടിശ്ശിക അനുവദിക്കുക, ലീവ് സറണ്ടർ അനുവദിക്കുക, ഉച്ചഭക്ഷണ ഫണ്ട് സമയ ബന്ധിതമായി നൽകുക, ഹയർ സെക്കണ്ടറിയിൽ ഓഫീസ് സ്റ്റാഫിനെ നിയമിക്കുക തുടങ്ങിയ കാര്യങ്ങളിൽ ഗവൺമെന്റ് തീരുമാനം ഉടനെ ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് ടീച്ചേഴ്സ് ഗിൽഡ് എറണാകുളം ഡിഡി ഓഫീസ് പടിക്കൽ ധർണനടത്തി. സംസ്ഥാന പ്രസിഡന്റ് ബിജു ഒളാട്ടുപുറം ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജനറൽ സെക്രട്ടറി സി.ടി.വർഗീസ്, ട്രഷറർ മാത്യു ജോസഫ്, അതിരൂപത പ്രസിഡന്റ് ജീബ പൗലോസ്, കൊച്ചി രൂപത പ്രസിഡന്റ് ജോസ് റെക്സ്, വരാപ്പുഴ അതിരൂപത പ്രസിഡന്റ് ജീൻ സെബാസ്റ്റ്യൻ, ആന്റണി വി.എക്സ്., വൈസ് പ്രസിഡന്റ് സിന്നി ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**ഡയറക്ടർ**

---

## അതിരൂപതാ കെ.സി.എസ്.എൽ.

കെ.സി.എസ്.എൽ. പ്രവർത്തന വർഷ ഉദ്ഘാടനം മെഗാ ക്വിസ് മത്സരവും ജൂൺ 10-ാം തിയതി കലൂർ റിന്യൂവൽ സെന്ററിൽ വച്ചു നടന്നു. അതിരൂപത വികാരി ജനറാൾ മോൺ.ആന്റണി പെരുമായൻ നിർവ്വഹിച്ചു. കലൂർ റിന്യൂവൽ സെന്ററിൽ വച്ച് നടന്ന സമ്മേളനത്തിൽ കെസിഎസ്എൽ സംസ്ഥാന സെക്രട്ടറി കുമാരി അൻസ മരിയ ജോസഫ് അധ്യക്ഷത വഹിച്ചു. ജീസസ് യൂത്ത് എറണാകുളം സോൺ ടീമംഗങ്ങൾ ക്ലാസ്സ് നയിച്ചു. കാർഡിനൽ പാറേക്കാട്ടിൽ അവാർഡ് ജേതാക്കളായ ശ്രീ ജിജി ജോസഫ്, സിസ്റ്റർ എലൈസ് സിഎംസി എന്നിവർക്ക് അതിരൂപത ഡയറക്ടർ ഫാ. തോമസ് നങ്ങേലിമാലിൽ മൊമെന്റോ വിതരണം ചെയ്തു. അതിരൂപത കെ.സി.എസ്.എൽ. പ്രസിഡന്റ് ശ്രീ സോയി കളമ്പാട്ട് സ്വാഗതമാശംസിച്ച യോഗത്തിൽ

അതിരൂപത അസി. ഡയറക്ടർ ഡോ.ബെന്നി പാലാട്ടി സമാപന സന്ദേശം നൽകി. അതിരൂപതയിലെ ആയിരത്തോളം കുട്ടികൾ പങ്കെടുത്തു. അന്നേദിവസം കെസിഎസ്എൽ ആനിമേറ്റഴ്സ് മീറ്റും സംഘടിപ്പിക്കുകയുണ്ടായി.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**ഡയറക്ടർ**

---

# അതിരൂപതാ ഡയറി

## ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത്

**ജൂലൈ 2023**

10 അതിരൂപതാ ആർക്കവിസ്റ്റ് & കുറേറ്റർ ആയ ബഹുമാനപ്പെട്ട പയ്യപ്പിള്ളി ഇഗ്നേഷ്യസ് അച്ചന്റെ വന്ദ്യ പിതാവിന്റെ മൃതദേഹ സംസ്കാരകർമ്മങ്ങളുടെ ഭവനത്തിലെ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

* * * * *



# St. Maximilian Kolbe

RNI No. 3421/57
Date of Publication: 01-08-2023

Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM




Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

Editor: Fr. Biju Varghese.

www.ernakulamarchdiocese.org